# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 1 | ലക്കം 4 | ഏപ്രിൽ 1–31 | പേജ് 8


# പുണ്യാളച്ചനും പാമ്പും പിന്നെ കോഴിയും



**എം. കുര്യൻ തോമസ്**

*പുണ്യവാളൻ* എന്ന വിശേഷണം എല്ലാ ക്രിസ്ത്യൻ പരിശുദ്ധന്മാർക്കും അനുയോജ്യമാണ്. എന്നാൽ മലങ്കര നസ്രാണികൾക്ക് *പുണ്യാളച്ചൻ* (പുണ്യവാളൻ + അച്ചൻ) എന്ന പേര് കേൾക്കുമ്പോൾ ഒരൊറ്റ നാമം മാത്രമാണ് മനസ്സിലെത്തുക. അത് മാർ ഗീവർഗീസ് സഹദാ മാത്രമാണ്.

മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമൻ പടയാളി ക്രൈസ്തവസഭയിലെ പരിശുദ്ധനായ ചരിത്രം സുവദിതമാണ്. ബൈസന്റിയൻ രാജ്യങ്ങളിൽ മാർ ഗീവർഗീസ് സഹദ പരിശുദ്ധന്മാരുടെ നിരയിൽ പ്രമുഖസ്ഥാനം അലങ്കരിക്കുന്നു. റോമൻ കത്തോലിക്കാ സഭ ഇരുപതാം നൂറ്റാണ്ടിൽ പരിശുദ്ധന്മാരുടെ പട്ടികയിൽ മാർ ഗീവർഗീസ് സഹദായുടെ സ്ഥാനം താഴേക്കിറക്കിയെങ്കിലും കേരളത്തിലെ റോമൻ കത്തോലിക്കരുടെ മനസ്സിൽ അദ്ദേഹം മുൻനിരയിൽത്തന്നെയാണ് ഇന്നും. പ്രൊട്ടസ്റ്റന്റ് രാജ്യമായ ഇംഗ്ലണ്ടിന്റെ കാവൽപിതാവാണ് മാർ ഗീവർഗീസ് സഹദാ. അവരുടെ നാണയമായ സ്വർണ പവനിൽ ഇന്നും അദ്ദേഹത്തിന്റെ ചിത്രം ആലേഖനം ചെയ്തിട്ടുണ്ട്. അതിന് *കുതിരപ്പവൻ* എന്ന പേര് മലയാളികളുടെ ഇടയിൽ ലഭിച്ചതു തന്നെ കുതിരപ്പുറത്തിരിക്കുന്ന സഹദായുടെ ചിത്രത്തിൽ നിന്നാണ്.



പുതുപ്പള്ളി പള്ളി

മലങ്കര സഭയ്ക്ക് മാർ ഗീവർഗീസ് സഹദയെപ്പറ്റിയുള്ള വിവരം ലഭിച്ചത് പേർഷ്യൻ സഭയിൽ നിന്നാവണം. കാരണം അദ്ദേഹം അവർക്കും ഒരു പ്രധാന പരിശുദ്ധനാണ്. റോമൻ കത്തോലിക്കാ അധിനിവേശത്തിനു മുമ്പുതന്നെ മാർ ഗീവർഗീസ് സഹദാ മലങ്കര നസ്രാണികളുടെ മനസ്സിൽ സ്ഥാനം പിടിച്ചിരുന്നു. യഥാർത്ഥത്തിൽ പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പുള്ള നസ്രാണികളുടെ *പരിശുദ്ധത്രയം* വി. ദൈവമാതാവ്, മാർത്തോമ്മാ ശ്ലീഹാ, മാർ ഗീവർഗീസ് സഹദാ എന്നിവരായിരുന്നു. ഇവർ യഥാക്രമം *മുത്തി, മുത്തപ്പൻ, പുണ്യാളച്ചൻ* എന്നീ പ്രാദേശിക നാമങ്ങളിലാണ് അറിയപ്പെട്ടിരുന്നത്. പിന്നീടുണ്ടായ റോമൻ കത്തോലിക്കാ, അന്ത്യോഖ്യൻ ബാന്ധവകാലത്തും ആ സഭകൾക്കും അദ്ദേഹം പരിശുദ്ധനായിരുന്നതിനാൽ പുണ്യാളച്ചന്റെ നിലയ്ക്കു മാറ്റമൊന്നുമുണ്ടായില്ല.

എന്നാൽ പൗരസ്ത്യ സുറിയാനി സഭാ പഞ്ചാംഗപ്രകാരം മാർ ഗീവർഗീസ് സഹദായുടെ പെരുന്നാൾ മേടം 24-ലും മറ്റു സഭകൾക്ക് മേടം 23-മായിരുന്നു എന്നത് ഒരു പ്രശ്നമായി. പത്തൊമ്പതാം നൂറ്റാണ്ടുവരെ ഈ പ്രശ്നം നിലനിന്നിരുന്നു. തൽക്കാലം രണ്ടു ദിവസവും പെരുന്നാളായി ആഘോഷിച്ചാണ് പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ നസ്രാണികൾ പ്രശ്നം പരിഹരിച്ചത്. 1876-നു ശേഷം പെരുന്നാൾ പാശ്ചാത്യ സുറിയാനി രീതിയിൽ മേടം 23-നു മാത്രമായി.

മലയാളികളെല്ലാം പുണ്യാളച്ചനെ പാമ്പുമായി ബന്ധപ്പെടുത്തിയാണ് കാണുന്നത്. പാമ്പുകളിൽ നിന്നും ക്ഷുദ്രജീവികളിൽ നിന്നുമുള്ള സംരക്ഷണം തേടിയാണ് പതിനായിരങ്ങൾ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലെത്തുന്നത്. ഇത് തികച്ചും ഒരു മലയാളി സങ്കൽപ്പമാണ്. കാരണം ഐതീഹ്യങ്ങളിലെങ്ങും മാർ ഗീവർഗീസ് സഹദായെ പാമ്പുമായി ബന്ധിപ്പിക്കുന്നില്ല. ലോകത്ത് മറ്റൊരിടത്തും അത്തരമൊരു വിശ്വാസവുമില്ല. എന്തിന് കേരളത്തിലുപയോഗിക്കുന്ന ചിത്രങ്ങളിലും രൂപങ്ങളിലും പോലും ഐതീഹ്യ പ്രകാരമുള്ള വ്യാളിയെയാണ് കാണുന്നത്. അവിടെയും പാമ്പില്ല.

മലയാളികളുടെ പൊതുവായ ഒരു പുരാതന സ്വഭാവമാണ് സർപ്പഭയം. ധാരാളം വെള്ളക്കെട്ടുകളും വനപ്രദേശവുമടങ്ങിയ കേരളത്തിൽ പാമ്പുകളുടെ സാന്നിധ്യവും അതുവഴിയുള്ള അപകടങ്ങളും വളരെ കൂടുതലായി

*(ശേഷം 2-ാം പേജിൽ)*

# പി. സി. എബ്രഹാമിനെ പുറത്താക്കുന്നു?

**(അൽമായവേദി ന്യൂസ് സർവ്വീസ്)**

കോട്ടയം: വളരെയധികം വിമർശന വിധേയനായ അൽമായ ട്രസ്റ്റി. പി. സി. എബ്രഹാമിനെ പുറത്താക്കാൻ നടപടി ആരംഭിച്ചതായി അറിയുന്നു. രാജിവെക്കാൻ വിസമ്മതിച്ചതിനാലാണ് ഈ സംരംഭം. അടുത്തു നടക്കാൻ പോകുന്ന മലങ്കര അസോസിയേഷനിൽ ഭരണഘടനയുടെ 93-ാം വകുപ്പുപ്രകാരം പി. സി. എബ്രഹാമിനെ നീക്കം ചെയ്ത് പകരം മറ്റൊരാളെ തിരഞ്ഞെടുക്കുവാനാണ് ശ്രമം. ചില മാനേജിംഗ് കമ്മറ്റി അംഗങ്ങളാണ് ഈ നീക്കത്തിന് പിന്നിലെന്നും പറയപ്പെടുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി സഭാഭരണ രംഗത്തുണ്ടായ പാളിച്ചകൾക്കും കേസുനടത്തിപ്പിലെ വീഴ്ചകൾക്കും പിന്നിൽ പി. സി. എബ്രഹാമായിരുന്നു എന്ന രൂക്ഷ വിമർശനം ഉയർന്നിരുന്നു. പ. മാത്യൂസ് ദ്വിതിയൻ ബാവായുടെ ഭരണപരമായ വീഴ്ചകൾക്കു പിമ്പിലെ പ്രധാന ഘടകം ഇദ്ദേഹത്തിന്റെ സ്വാധീനമായിരുന്നു എന്ന് പ. ബാവായോട് അടുത്തു നിന്നവരും പലപ്പോഴും സൂചിപ്പിച്ചിരുന്നു. പ. ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമേറ്റതിനു ശേഷം സഭാ നേതൃത്വവുമായി പൂർണമായി ഇടഞ്ഞ പി. സി. എബ്രഹാം ബാവായ്ക്കെതിരെ കത്തെഴുതി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. പലപ്രാവശ്യം രാജിഭീഷണി മുഴക്കിയെങ്കിലും, രാജിവക്കാനിടയില്ലെന്ന് കഴിഞ്ഞ ലക്കം അൽമായ വേദി റിപ്പോർട്ട് ചെയ്തിരുന്നു.

പി. സി. എബ്രഹാമിന് പകരം അൽമായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് പ്രധാനമായും ഉയർന്നു കേൾക്കുന്നത് എറിക്കാട്ട് ഇ. ജെ. ജോസഫിന്റെ പേരാണ്. മുൻ അസോസിയേഷൻ സെക്രട്ടറിയായിരുന്ന ഇദ്ദേഹം പിന്മാറിയതിനാലാണ് 1980-ൽ പി. സി. എബ്രഹാം അൽമായ ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ടത്.

എന്നാൽ വൈദിക ട്രസ്റ്റിയായിരുന്ന ഫാ. മത്തായി നൂറനാൽ അന്തരിച്ചതോടെ ട്രസ്റ്റിത്രയത്തിൽ വടക്കൻ പ്രാധിനിത്യം ഇല്ലാതായെന്നും അതിനാൽ അടുത്ത അൽമായ ട്രസ്റ്റി വടക്കൻ ഭദ്രാസനങ്ങളിൽ നിന്നായിരിക്കണമെന്നും ഒരു പ്രബലമായ അഭിപ്രായം ഉയർന്നിട്ടുണ്ട് കോലഞ്ചേരി ഇടവകാംഗമായ സി. വി. ജേക്കബിന്റെ (സിന്തൈറ്റ് ചാക്കുട്ടി) പേരാണ് ഇവർ ചൂണ്ടിക്കാട്ടുന്നത്.

എന്നാൽ 2002 മാർച്ച് 20-നു കൂടിയ അസോസിയേഷൻ ക്രമപ്പെടുത്തിയിട്ടില്ലാത്തതിനാൽ പി. സി. എബ്രഹാമിന്റെ അൽമായ ട്രസ്റ്റി സ്ഥാനത്തിനു സാധുതയില്ലെന്നും അതിനാൽ പുറത്താക്കേണ്ട ആവശ്യമില്ലെന്നും ചില നിയമ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്.

വൈദിക ട്രസ്റ്റിയുടെയും മാനേജിംഗ് കമ്മറ്റിയുടെയും അസോസിയേഷന്റെയും കാലാവധി അഞ്ചുവർഷമായി ക്ലിപ്തപ്പെടുത്തിയതിനാൽ അൽമായ ട്രസ്റ്റിയുടെ കാലാവധിയും അഞ്ചു വർഷമായി ക്ലിപ്തപ്പെടുത്തണമെന്നും ഇപ്പോൾ തിരഞ്ഞെടുക്കുന്ന അൽമായ ട്രസ്റ്റിയുടെ കാലാവധി 2007 വരെ മാത്രമാക്കണമെന്നും അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി ആവശ്യപ്പെട്ടു. ❑

# സഭയുടെ താല്പര്യങ്ങൾ അട്ടിമറിക്കുവാൻ ജുബാധാരി സംഘത്തിന്റെ കുത്സിതശ്രമങ്ങൾ

**(അൽമായവേദി ന്യൂസ് സർവ്വീസ്)**

**ക**ഴിഞ്ഞ പത്തു വർഷത്തിലേറെയായി സഭയുടെ സുപ്രധാന സമിതികളിൽ വിരാജിച്ച് സഭയുടെ സർവ്വതോന്മുഖമായ പതനത്തിന് കാരണക്കാരായവരിൽ ഇപ്പോഴും അധികാരസ്ഥാനത്തുള്ള ചിലർ നടത്തിയ കൊടുംപാതകങ്ങളെക്കുറിച്ചുള്ള ചില വിശദാംശങ്ങൾ ലഭ്യമായിരിക്കുന്നു. സഭയുടെ അഭിഭാഷകരായ ശ്രീ. കെ. ജോർജ്ജ്, ശ്രീ. സി. റ്റി. ജോസഫ് എന്നിവരെ നീക്കം ചെയ്തതായി അടുത്ത കാലത്ത് മംഗളം ദിനപ്പത്രത്തിൽ ഒരു വാർത്ത വന്നിരുന്നു. സഭയുടെ ഔദ്യോഗിക അറിയിപ്പിന്റെ അടിസ്ഥാനത്തിലോ ഏതെങ്കിലും ഉത്തരവാദിത്തമുള്ള സ്ഥാനിയിൽ നിന്നും ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിലോ ആയിരുന്നില്ല പ്രസ്തുത വാർത്ത. സഭയുടെ ഔദ്യോഗിക നിഷേധക്കുറിപ്പ് പിറ്റേ ദിവസം തന്നെ അതേ പത്രം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

എന്നാൽ ഈ വാർത്തയുടെ പേരു പറഞ്ഞ് മേൽപ്പറഞ്ഞ രണ്ട് അഭിഭാഷകർ രാജിക്കത്തു നൽകി. അതിനുശേഷം വന്ന കേസിന്റെ അവധിക്ക് വക്കീലന്മാരുടെ യാത്ര ചിലവുകൾക്കും "അവരെ സന്തോഷിപ്പിക്കുവാനു"മായി 1,37,000 രൂപ അൽമായട്രസ്റ്റി ശ്രീ. പി. സി. ഏബ്രഹാം കൈപ്പറ്റി. കൊച്ചിയിൽ നിന്നും ഡൽഹിക്കുള്ള എക്സിക്യൂട്ടീവ് ക്ലാസ്സ് വിമാനക്കൂലി 10,000 രൂപയിൽ കുറവ് മാത്രമേ വരികയുള്ളു. എക്കണോമി ക്ലാസ് 6000 രൂപയിൽ താഴെയും. ഒന്നോ രണ്ടോ ദിവസം ഡൽഹിയിൽ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ ആഘോഷമായി മുന്തിയ ഭക്ഷണ"പാനീയങ്ങ"ളോടെ താമസിക്കുവാൻ 10,000 രൂപയിൽ കൂടുതൽ ചിലവാകയില്ല. ടാക്സിക്കൂലി, മറ്റ് അനാമത്ത് ചിലവുകൾ എന്നിവയെല്ലാം ചേർത്ത് ഒരു അയ്യായിരം രൂപ കൂടി കൂട്ടിയാലും രണ്ടു പേർക്ക് 45,000 - 50,000/- രൂപയിൽ കൂടുതൽ ചിലവ് വരേണ്ടതില്ല. ബാക്കി പണം എവിടേക്ക് പോകുന്നു എന്നത് സഭാംഗങ്ങളുടെ ചിന്തയ്ക്ക് വിഷയീഭവിപ്പിക്കുന്നു.

പക്ഷേ ഇതിന്റെ ക്ലൈമാക്സ് ഇനിയാണ്. വക്കീലന്മാർ രണ്ടുപേരും ഡൽഹിക്ക് പോയതേയില്ല. കേസുകളുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തമുള്ള ഒരു സ്ഥാനിയോടുമാലോചിക്കാതെ പ്രധാന വക്കീലായ നരിമാന് ഫോൺ ചെയ്ത് അവധിക്കപേക്ഷിക്കുവാൻ ഇവർ ആവശ്യപ്പെട്ടു!!!

സാധാരണക്കാരന് അറിയേണ്ടത് ഇനി പറയുന്ന കാര്യങ്ങളാണ്.

1. സുപ്രീംകോടതിയിൽ കേസ് നടന്ന കഴിഞ്ഞ 15 വർഷത്തിനുള്ളിൽ ഇപ്രകാരമുള്ള എത്ര പകൽ കൊള്ളകൾ നടന്നു?

2. സഭയുടെ താല്പര്യങ്ങൾക്ക് വിപരീതമായി എതിർകക്ഷിയുമായി ചേർന്ന് തൊഴിൽപരമായ സത്യസന്ധതയ്ക്ക് വിരുദ്ധമായി ഈ വക്കീലന്മാരും അൽമായ ട്രസ്റ്റിയും പ്രവർത്തിച്ചിട്ടുണ്ടോ?

*(ശേഷം രണ്ടാം പേജിൽ)*

# പുണ്യാളച്ചനും പാമ്പും...

(ഒന്നാം പേജിൽ നിന്നും)

രുന്നു. കേരളത്തിൽ കുടിയേറിയ നമ്പൂതിരിമാർ പോലും സർപ്പഭയം മൂലം ആദ്യം പിൻമാറിയതായാണ് പാരമ്പര്യം. പിന്നീട് പരശുരാമനാണത്രെ സർപ്പങ്ങളെ ഒഴിച്ച് അവരെ വീണ്ടും കുടിയിരുത്തിയത്.

പാമ്പുകളോടുള്ള മലയാളി സമീപനത്തിന് മതപരമായ ഒരു കാരണവുമുണ്ട്. ജൈനമതത്തിൽ പാമ്പുകൾക്ക് ഒരു പ്രധാന സ്ഥാനമുണ്ട്. ബ്രാഹ്മണ മതം കേരളത്തിലെ ജൈന-ബുദ്ധമതങ്ങളെ അടിച്ചമർത്തുകയും അവരുടെ ദൈവങ്ങളെ അസുരന്മാരും രാക്ഷസന്മാരുമാക്കി ഒതുക്കുകയും ചെയ്തതോടെ സർപ്പങ്ങളും ഭീതിജനകമായ ഒരു വിഭാഗമായി മാറി. ഇത് മലയാളി മനസ്സിൽ സ്ഥായിയായ ഒരു സർപ്പഭയത്തിനു രൂപം നൽകി. ചാതുർവണ്യ വ്യവസ്ഥയുടെ ഭാഗമായി നമ്പൂതിരിമാരോടൊട്ടി നിന്ന നസ്രാണികൾ ഈ ഭയത്തിൽ നിന്നും വിമുക്തരല്ലായിരുന്നു.

നമ്പൂതിരിമതം സർപ്പക്കാവുകളും സർപ്പക്ഷേത്രങ്ങളുമുണ്ടാക്കി സർപ്പങ്ങളെ കുടിയിരുത്തി ആരാധിച്ചാണ് സർപ്പഭയത്തിൽ നിന്നും സർപ്പദോഷത്തിൽ നിന്നും രക്ഷ നേടിയത്. നസ്രാണിക്ക് അങ്ങെനെയൊരാരാധന മതപരമായി സാദ്ധ്യമായിരുന്നില്ല. അവർ നേരേ മറുവശത്തേക്കുപോയി സർപ്പത്തെ ഒതുക്കാൻ പറ്റിയ ഒരു പരിശുദ്ധനെ കണ്ടെത്തി. സർപ്പങ്ങളിൽ കെങ്കേമനായ വ്യാളിയെ വധിച്ച മാർ ഗീവർഗീസ് സഹദ. അങ്ങനെ ക്രൈസ്തവ തത്വങ്ങൾക്ക് അനുസൃതമായിത്തന്നെ നസ്രാണിയുടെ സർപ്പഭയം അകറ്റാനുള്ള മാർഗ്ഗമായി.

പുണ്യാളച്ചനുമായി ബന്ധപ്പെട്ട അടുത്ത മലയാളി സങ്കൽപ്പം കോഴിയാണ്. ഇതി നും സർപ്പാരാധനയുമായി ബന്ധമുണ്ട്. സർ പ്പ പ്രീതിക്ക് സർപ്പങ്ങൾക്ക് കേരളത്തിൽ നൽകുന്ന നേർച്ചയിലുൾപ്പെട്ടതാണ് കോഴിയും കോഴിമുട്ടയും. നസ്രാണി അത് അവരുടെ സർപ്പനാശകനു കാണിക്കയായി നൽകി. അതാണ് പുണ്യാളച്ചന്റെ പള്ളികളിൽ ധാരാളം കോഴിയും മുട്ടയും നേർച്ചയായിയെത്താനുള്ള കാരണം. പെരുന്നാൾ സദ്യകൾ സർവസാധാരണമായിരുന്ന കാലത്ത് അങ്ങനെ ലഭിക്കുന്ന കോഴികളെ പാകം ചെയ്ത് വെള്ളയപ്പത്തോടൊപ്പം നേർച്ചയായി നൽകിയത് സ്വാഭാവികവും. പുതുപ്പള്ളി പള്ളിയിൽ കോഴിയെ പള്ളിക്കാര്യത്തിൽ നിന്നും പാകം ചെയ്ത് വെള്ളയപ്പത്തോടൊപ്പം നേർച്ചയായി നൽകുമ്പോൾ, ഇടപ്പള്ളി പള്ളിയിൽ ഭക്തജനങ്ങൾ പള്ളിപ്പരിസരത്ത് കോഴിയെ സ്വയം പാകം ചെയ്ത് കഴിക്കുകയാണ്.

സമീപകാലത്ത് ചിലർ കോഴി നേർച്ചയ്ക്കെതിരെ *വേദവിപരീതം, സഭാവിരുദ്ധം, ഹൈന്ദവം* മുതലായ പദപ്രയോഗങ്ങളോടെ ശക്തമായ ആക്രമണം അഴിച്ചുവിട്ടു. മലങ്കരസഭയിൽ പുതുതായി അവതരിപ്പിച്ച, തികച്ചും പാശ്ചാത്യമായ, ഇടവക ദിനത്തിന് കോഴിയിറച്ചിയും കോഴി ബിരിയാണിയും വെട്ടി വിഴുങ്ങുന്ന ഏതാനും *സായി പ്പു നോക്കികൾ* അതേറ്റുപാടി. അതോടുകൂടി മാർ ഗീവർഗീസ് സഹദായുടെ പെരുന്നാളാഘോഷിക്കുന്ന ചെറിയ പള്ളികളിൽപ്പോലും വെള്ളയപ്പത്തോടൊപ്പം കോഴിയിറച്ചികൂടി നേർച്ചയായി നൽകാൻ തുടങ്ങി എന്നത് ഈ ഹാലിളക്കത്തിന്റെ ഗുണവശം. അപ്പോഴും വിശ്വാസികൾ പറഞ്ഞു: *പുണ്യാളച്ചനോട് കളിക്കരുത്.*

കോഴിയിറച്ചി നേർച്ച നൽകിയതുകൊണ്ടും രണ്ടുവെടിപൊട്ടിച്ചതുകൊണ്ടും പുണ്യാളച്ചനോ സ്തുതിചൊവ്വാകപ്പെട്ട ഓർത്തഡോക്സ് വിശ്വാസത്തിനോ യാതൊരു കോട്ടവും സംഭവിക്കാനില്ല. മറിച്ച് പ്രാദേശിക പാരമ്പര്യങ്ങളെ പ്രോത്സാഹിപ്പിക്കാതിരുന്നാൽ നസ്രാണി സമൂഹം അന്യവൽക്കരിക്കപ്പെടുകയും സഭയുടെ *ഓർത്തഡോക്സി* നഷ്ടപ്പെടുകയും ചെയ്യും. ❑

# പുതിയ നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പ്

സമീപഭാവിയിൽ തന്നെ അസ്സോസിയേഷൻ ചേർന്നു നിയുക്ത കാതോലിക്കായെ തിരഞ്ഞെടുക്കുവാൻ അണിയറയിൽ നീക്കം നടക്കുന്നതായി അറിയുന്നു.

ദിദിമോസ് പ്രഥമൻ ബാവായുടെ സ്ഥാനാരോഹണം നടന്നയുടൻ തന്നെ സ്ഥാനമോഹികളായ ചില മെത്രാപ്പോലിത്തന്മാരും പല ഉപജാപക സംഘങ്ങളും ഇതിനായി നീക്കമാരംഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ധൃതിപിടിച്ച് ഇങ്ങിനെയൊന്നിന് പോകേണ്ടതില്ല എന്ന് ചിന്തിക്കുന്ന പലരും ഉണ്ട്.

മുൻ കാലങ്ങളിൽ അസ്സോസിയേഷൻ വിളിച്ചു കൂട്ടുക എന്നത് ചുരുങ്ങിയത് 6 മാസമെങ്കിലുമെടുക്കുന്ന ഒരു നടപടിയായിരുന്നു. എന്നാലിന്ന് 45 ദിവസങ്ങൾ കൊണ്ട് അസ്സോസിയേഷൻ ചേരുവാൻ സാധിക്കും. 1995 ലെ സുപ്രീംകോടതി വിധിപ്രകാരം അസ്സോസിയേഷന്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയതിനാലാണ് ഇത്. ഇതുമൂലം അസ്സോസിയേഷൻ ചേരുവാൻ പള്ളികൾക്ക് കല്പന അയയ്ക്കുക, പള്ളികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ലിസ്റ്റ് ശേഖരിക്കുക, ആക്ഷേപങ്ങളും അപ്പീലുകളും കേൾക്കുക, തീർപ്പുണ്ടാക്കുക മുതലായ നടപടിക്രമങ്ങൾ ആവശ്യമില്ല. നിയമാനുസൃത നോട്ടീസ് നല്കി മലങ്കര മെത്രാപ്പോലീത്തായ്ക്കോ അദ്ദേഹത്തിന്റെ അഭാവത്തിൽ രണ്ട് വൈസ് പ്രസിഡണ്ടുമാർ ചേർന്നു നോട്ടീസ് നൽകിയോ അസ്സോസിയേഷൻ വിളിച്ചു കൂട്ടാൻ 45 ദിവസത്തെ സമയം ധാരാളം.

ആയതിനാൽ അടുത്ത കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേൽക്കേണ്ട ആവശ്യമുണ്ടാകുമ്പോൾ മാത്രമേ അതിനായി അസ്സോസിയേഷൻ കൂടേണ്ടതായുള്ളു. പക്ഷേ പല കേന്ദ്രങ്ങളും അപ്രകാരം ഒരു തിരഞ്ഞെടുപ്പിന് വട്ടം കൂട്ടുന്നതിനാൽ അടുത്ത സ്ഥാനി എപ്രകാരമുള്ളയാളായിരിക്കണമെന്ന് സഭാസ്നേഹികൾ ചിന്തിക്കേണ്ടത് ആവശ്യമാണ്. അൽമായവേദിക്ക് ലഭിച്ച വിവിധ അഭിപ്രായങ്ങളുടെയും വേദിപ്രവർത്തകരുടെ കൂട്ടായ ചിന്തയുടെയും ഫലമായി ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഇവിടെ രേഖപ്പെടുത്തട്ടെ:

1. പുതിയ നിയുക്ത കാതോലിക്കാ 65 വയസ്സിൽ താഴെയുള്ളയാളും 80 വയസ്സിലെങ്കിലും റിട്ടയർ ചെയ്യുവാൻ സന്നദ്ധതയുള്ളയാളും അപ്രകാരം രേഖാമൂലം സമ്മതം രേഖപ്പെടുത്താൻ തയ്യാറുള്ളയാളുമായിരിക്കണം.

2. സ്വന്തം പേരിലോ അധീനതയിലോ ട്രസ്റ്റ്, സ്വകാര്യ സമ്പാദ്യങ്ങൾ എന്നിവ ഇല്ലാത്തയാളായിരിക്കണം.

3. വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും 1912-ൽ മുറിമറ്റത്തിൽ ബാവാ, 1964 -ൽ ഔഗേൻ ബാവാ എന്നിവർ മാത്രമാണ് കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. ഔഗേൻ ബാവയ്ക്ക് ശേഷമുള്ള മൂന്നു കാതോലിക്കാമാരിൽ രണ്ടു പേർ തെക്കുനിന്നും ഒരാൾ കോട്ടയത്തു നിന്നുമാണല്ലോ. ആയതിനാൽ അടുത്ത കാതോലിക്കാ - മലങ്കര മെത്രാപ്പോലീത്താ വടക്കൻ പ്രദേശങ്ങളിൽ ജനിച്ചു വളർന്നയാളാകുന്നതാണ് യുക്തം.

5. ഉന്നത ജീവിതമൂല്യങ്ങൾ പുലർത്തി ലളിതജീവിതം നയിക്കുന്നയാളായിരിക്കണം.

6. ഭാരത സംസ്ക്കാരാധിഷ്ഠിതമായ നസ്രാണി പൈതൃകവും, മാർത്തോമ്മാ മാർഗ്ഗവും, ഭാരതസഭയുടെ മഹാപുരോഹിതന്റെ ഓജസ്സും, തേജസ്സും, ഔന്നത്യവും, യശസ്സും നിലനിർത്തുന്ന വ്യക്തിയായിരിക്കണം.

7. ഭാരത സന്യാസിവര്യന്മാരുടെ പർണ്ണശാലകളിലെ ഋഷിതുല്യ ജീവിതശൈലി അനുകരിക്കുന്നവരും പ. പരുമല തിരുമേനി, പ. പാമ്പാടി തിരുമേനി, പ. കുറിച്ചി ബാവാ എന്നീ തിരുമേനിമാരുടെ പ്രാർത്ഥനയും, നിഷ്ഠയും, പ. വട്ടശ്ശേരിൽ തിരുമേനി, പ. വട്ടക്കുന്നേൽ ബാവാ, പാറേട്ട് മാർ ഈവാനിയോസ്സ് എന്നീ പിതാക്കന്മാരുടെ ദീർഘദൃഷ്ടിയും, ഇച്ഛാശക്തിയും, ആജ്ഞാശക്തിയും, ഭക്തിയും, കരുതലും ഉള്ള വ്യക്തിയായിരിക്കണം.

8. സഭയുടെയും, ഭദ്രാസനത്തിന്റെയും പ്രതിനിധികളായി സ്ഥാനമാനം നേടിയശേഷം സഭയ്ക്കും, ഭദ്രാസനത്തിനുമായി പണം ഉണ്ടാക്കിയശേഷം ക്രയവിക്രയങ്ങളും, നിർമ്മാണ പ്രവർത്തനങ്ങളിലും കൂടി പണം പാഴാക്കുന്ന സ്വാർത്ഥ സ്ഥാനമോഹികളല്ലായിരിക്കണം.

9. വ്യവസായികളേയും, രാഷ്ട്രീയ, മാധ്യമ പ്രമുഖരേയും മാത്രം കരുതുന്നവരും അവരുടെ മുമ്പിൽ ഓച്ഛാനിച്ച് നില്ക്കുന്ന വ്യക്തിയും ആവരുത്.

10. സഭയുടെ കെട്ടുറപ്പും-തനിമയും നിലനിർത്തത്തക്ക തീക്ഷ്ണതയും വൈകാരികതയും ഉള്ള വ്യക്തിയായിരിക്കണം.

11. നഷ്ടപ്പെട്ടു പോകുന്ന ഒറ്റ ആടിനെ തേടി പോകുന്ന ഇടയശ്രേഷ്ഠതയുള്ള മാതൃകാ ഇടയനായിരിക്കണം.

12. വചനവും, പ്രവൃത്തിയും കൊണ്ട് സഭയും, സമൂഹവും ആദരിക്കുന്ന ആദരണീയനായിരിക്കണം.

13. മാർത്തോമ്മാ സിംഹാസനത്തിന്റെ ഉന്നതിയും, മഹിമയും സംരക്ഷിക്കുന്ന മാർത്തോമ്മായുടെ യഥാർത്ഥ പിൻഗാമിയായിരിക്കണം.

ജനങ്ങൾക്ക് ഹിതകരമല്ലാത്ത രീതിയിൽ സുന്നഹദോസ് ഒരു മെത്രാപ്പോലീത്തായെ മാത്രമായി അവതരിപ്പിച്ച് ജനാഭിലാഷം രേഖപ്പെടുത്തുവാൻ അവസരം നൽകുന്നില്ലെങ്കിൽ അവിവാഹിത പട്ടക്കാരിൽ യോഗ്യതയുള്ള ഒരാൾ സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം.

# പെരുനാൾ ചടങ്ങുകളും, ആചാരങ്ങളും ദേശീയതയുടെ പ്രതീകങ്ങൾ

**കെ. പി. കുര്യാക്കോസ് പുതുപ്പള്ളി**

പുതുപ്പള്ളി പെരുനാളിന്റെ കൊടിമരം പുതുപ്പള്ളി, എറികാട് കരക്കാർ ജാതിമത വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ ആഘോഷ സമേതം പള്ളിയിൽ എത്തിക്കുന്നു. തുടർന്ന് എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും വാദ്യമേളങ്ങളും വെടിയും മുഴക്കുന്നു. വെച്ചൂട്ടിന് (പെരുനാൾ ദിനത്തിലെ സദ്യ) ആവശ്യമായ അരി, തേങ്ങ, മാങ്ങ ഇവ എല്ലാ വിഭാഗം ആളുകളും നേർച്ചയായി എത്തിച്ച് തയാറാക്കി പെരുനാൾ കുർബാനാന്തരം ആളുകളെ ഇരുത്തി വാഴയിലയിൽ വിളമ്പുന്നു. ഭാരതീയ ആചാരമായ കുട്ടികൾക്കുള്ള ആദ്യ ചോറൂട്ട്, പള്ളിയുടെ പതിനെട്ടാം പടിയിൽ തേങ്ങ ഉടക്കൽ, ഈറനായി ഉള്ള ഉരുൾനേർച്ച, മുട്ടിന്മേൽ നീന്തൽ, കോഴിവെട്ട്, കുത്തുപണം, പാളയും കയറും നേർച്ച, വിവിധ പ്രദേശങ്ങളിൽനിന്ന് കോഴിയും വിറകും മറ്റുമായുള്ള ചെറുതും വലുതുമായ ഘോഷയാത്രകൾ, ദേശത്തിന്റെ പല ഭാഗത്തുനിന്ന് പുറപ്പെടുന്ന പ്രദക്ഷിണങ്ങൾ (ഇവയ്ക്ക് ആനകൾ അകമ്പടി സേവിച്ചിരുന്നു. തീവെട്ടി, കുത്തുവിളക്ക് എന്നിവയും ഉപയോഗിച്ചിരുന്നു). ആൾരൂപം, മറ്റു രൂപങ്ങൾ, പാമ്പും പുറ്റും, എന്നു വേണ്ട - വെടി നേർച്ച വരെ ഇവിടെയുണ്ട്. ചുരുക്കി പറഞ്ഞാൽ ഭാരതീയ സംസ്കാരവും പൈതൃകവും ഇവയെല്ലാം വിളിച്ചോതുന്നു. ദേശീയ ക്രൈസ്തവരുടെ പ്രാദേശിക ഉത്സവമാണ് പുതുപ്പള്ളി പെരുനാൾ. എന്നാൽ ഈ ആചാരാനുഷ്ഠാനങ്ങളിൽ ചിലത് അന്ത്യോഖ്യൻ അധിനിവേശത്തിലും പാലക്കുന്നത്തു മെത്രാന്റെ പ്രോട്ടസ്റ്റന്റ് സ്വാധീനത്തിലും നിന്നു പോയി. എന്നിരുന്നാലും ഇന്നും ദേശീയതയും പാരമ്പര്യവും നിലനിർത്താൻ ഇടവകാംഗങ്ങൾ ശ്രമിക്കുമ്പോൾ പാശ്ചാത്യ നവീകരണ മാതൃക നടപ്പാക്കാൻ കോട്ടയം ഭദ്രാസനത്തിലെ ചില വൈദികർ ശ്രമിക്കുന്നത് പ്രശ്നങ്ങൾക്കു കാരണമാവുന്നുണ്ട്. വി. സഹദായുടെ കരുതൽ മൂലം പല പാരമ്പര്യങ്ങളും തുടരുവാൻ സാധിക്കുന്നു. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും, ആരാധനയിൽ പോലും, സമയവും നിഷ്ഠകളും തെറ്റിച്ച് സഭയുടെയും പള്ളിയുടെയും പാരമ്പര്യങ്ങളെ നവീകരിക്കാൻ ചില മേഖലയിൽനിന്ന് സമ്മർദ്ദങ്ങൾ ഉണ്ടാകുന്ന പതിവ് ഇപ്പോഴും തുടരുന്നു. എങ്കിലും എല്ലാ ദിവസവും വിശുദ്ധന്റെ തിരുശേഷിപ്പിങ്കൽ നൂറുകണക്കിന് നാനാജാതി മതസ്ഥർ എത്തി അനുഗ്രഹം പ്രാപിക്കുന്നു. ❑

# ജുബാധാരി സംഘത്തിന്റെ കുത്സിതശ്രമങ്ങൾ

(ഒന്നാം പേജിൽ നിന്നും)

3. കേസുകൾ അനന്തമായി നീട്ടിക്കൊണ്ടു പോകുകയും ഓരോ അവധിക്കും ഭീമമായ തുക സഭാകേന്ദ്രത്തിൽ നിന്നും കൈപ്പറ്റുകയും അതേസമയം കേസുകൾ സഭയെ എവിടെയും എത്തിക്കയില്ല എന്ന ധാരണ ജനങ്ങളിൽ പടർത്തി സഭയെ വിഭജിക്കുവാനുള്ള വിഘടിതരുടെ ശ്രമങ്ങൾക്ക് ശക്തി പകരുകയും ചെയ്യുന്നത് ഇവരുടെ അജൻഡയുടെ ഭാഗമോ?

4. വേണ്ട രീതിയിൽ സീനിയർ അഭിഭാഷകനെ ബ്രീഫ് ചെയ്യാത്തതു വഴി വിധിയിൽ പല അവ്യക്തതകളും കടന്നു കൂടിയിട്ടില്ലേ? (പാത്രിയർക്കീസിന്റെ അധി കാരം, ഇടവകപ്പള്ളികളുടെ സ്വാതന്ത്ര്യം, ക്നാനായഭദ്രാസനത്തിന്റെ നില മുതലായവ ഉദാഹരണങ്ങൾ മാത്രം.

5. നരിമാനെപ്പോലെയുള്ള അതിപ്രഗത്ഭന്മാരായ അഭിഭാഷകർക്ക് കക്ഷിയുടെ സ്ഥിരം വക്കീലന്മാരിൽ നിന്നും ലഭിക്കുന്ന "ബ്രീഫ്" (മാർഗ്ഗദർശനം) അടിസ്ഥാനമാക്കിയേ കേസ് നടത്തുവാനാവുകയുള്ളു. സഭയുടെ അഭിഭാഷകർ എന്ന നിലയിൽ ഇവർ നരിമാനെ വഴിതെറ്റിച്ചിട്ടുണ്ടോ എന്നത് അന്വേഷണ വിധേയമാക്കേണ്ടത ല്ലേ?

സഭയുടെ സമ്പത്ത് കൊള്ളയടിക്കയും സഭയുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കയും ചെയ്യുന്ന ഈ സംഘത്തിന്റെ ചെയ്തികൾ വരും ലക്കങ്ങളിലും അൽമായവേദി തുറന്ന് കാട്ടുന്നതാണ്. ❑

# മെത്രാൻ സ്ഥാനം: ഒഴിവുകൾ വടക്കു നിന്നു നികത്തണം

കൊച്ചി: മലങ്കര ഓർത്തഡോക്സ് സഭയിൽ വടക്കൻ ഭദ്രാസനങ്ങളിൽ നിന്നുള്ള മേല്പട്ടക്കാരുടെ എണ്ണം കുറയുന്നതിൽ ആശങ്ക. കഴിഞ്ഞ 20 വർഷത്തിനിടയിൽ ഒരാൾ പോലും വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും മേല്പട്ടസ്ഥാനത്ത് എത്തിയിട്ടില്ല.

1974-ൽ അഞ്ചിൽ രണ്ട്. 1980 ൽ അഞ്ചിൽ രണ്ട്. 1986 -ൽ അഞ്ചിൽ ഒന്ന്, എന്നിങ്ങനെ മേല്പട്ടക്കാർ വാഴിക്കപ്പെട്ടതിനെ തുടർന്ന് വടക്കു നിന്നാരും തിരഞ്ഞെടുക്കപ്പെടാതെയായി. പിന്നീട് വാഴിക്കപ്പെട്ട 12 പേരിൽ ഒരാൾ പോലും വടക്കു നിന്നില്ല. വടക്കൻ ഭദ്രാസനങ്ങളിൽ യോഗ്യതയുള്ള പട്ടക്കാരുടെ അഭാവമല്ല ഈ സാഹചര്യം സൃഷ്ടിച്ചത്. പ്രചരണവും സ്വാധീനവും ചരടുവലികളും അവരെ പിന്തള്ളി.

കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി സുന്നഹദോസ് നിർദ്ദേശിക്കുന്ന പാനലിൽ നിന്നാണ് മെത്രാന്മാർ തിരഞ്ഞെടുക്കപ്പെടുന്നത്. എപ്പിസ്കോപ്പൽ സുന്നഹദോസിനുള്ളിലെ ലോബികളും ചരടുവലികളും മെത്രാൻസ്ഥാനം വീതം വെച്ചു തുടങ്ങിയതോടെ വടക്കൻ ഭദ്രാസനങ്ങളിൽ നിന്നുള്ള സ്ഥാനാർത്ഥികൾ പിന്തള്ളപ്പെട്ടു. അവസാനം നടന്ന തിരഞ്ഞെടുപ്പിൽ വടക്കു നിന്നുള്ള ചില സ്ഥാനാർത്ഥികൾ സുന്നഹദോസ് പാനലിൽ ഇടം കണ്ടെത്തിയെങ്കിലും മറ്റു സ്ഥാനാർത്ഥികളുടെ രാഷ്ട്രീയത്തെ വെല്ലുന്ന പ്രചരണ കോലാഹലങ്ങളിൽപ്പെട്ട് മിനിമം വോട്ടു നേടാനാകാതെ പരാജയപ്പെടുകയായിരുന്നു. ഈ തിരഞ്ഞെടുപ്പിൽ ഏഴു പേരെ മെത്രാൻസ്ഥാനത്തേക്കു തിരഞ്ഞെടുക്കാൻ ശ്രമിച്ചെങ്കിലും നാലു പേർക്കു മാത്രമാണ് നിശ്ചിത വോട്ടു നേടാൻ കഴിഞ്ഞത്.

ഈ സാഹചര്യത്തിലാണ് ഒഴിവുള്ള മൂന്നു സ്ഥാനങ്ങളിലേയ്ക്ക് വടക്കൻ ഭദ്രാസനങ്ങളിൽ നിന്നും മാത്രം സുന്നഹദോസിന്റെ പാനൽ നിർദ്ദേശിക്കണമെന്നും ഏറ്റവുമടുത്ത അസോസിയേഷനിൽ തിരഞ്ഞെടുപ്പു നടത്തണമെന്നും ആവശ്യമുയർന്നിരിക്കുന്നത്. അവിവാഹിതരായ എല്ലാ പട്ടക്കാർക്കും മെത്രാൻ സ്ഥാനത്തിനു മത്സരിക്കാം എന്ന അവസ്ഥയ്ക്കു വിരാമമിടണമെന്നും പ്രചരണ പരിപാടികൾ കർശനമായി നിയന്ത്രിക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. ❑

# ප. വട്ടശ്ശേരിൽ തിരുമേനിയും പുതുപ്പള്ളി പള്ളിയും

മലങ്കരസഭാ ഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനിക്ക് "കോറൂയാ" പട്ടം ഈ പള്ളിയിൽ വച്ച് നല്കപ്പെട്ടു.

പരിശുദ്ധ പിതാവിന്റെ സാന്നിദ്ധ്യത്തിൽ പൊന്നിൻകുരിശിന്മേൽ പാത്രിയർക്കീസ്സിന്റെ ദൃഷ്ടി പതിഞ്ഞു. വിശ്വാസിവീരന്മാർ സ്വർണ്ണക്കുരിശ് പള്ളിയിൽ നിന്ന് മാറ്റി. പള്ളിയോട് ഉടമ്പടി ചോദിച്ച പാത്രിയർക്കീസുമായി പ. വട്ടശ്ശേരിൽ പിതാവ് അഭിപ്രായ ഭിന്നതയിലേയ്ക്ക് നീങ്ങി. ചുരുക്കിപ്പറഞ്ഞാൽ മെത്രാൻ കക്ഷി, ബാവാ കക്ഷി ഭിന്നതയ്ക്ക് ഇത് വിത്തുപാകി. 1916-ൽ പ. പിതാവിന്റെ മർദ്ദീൻ യാത്രാവേളയിൽ മലങ്കരയിലെ ഗീവർഗീസിന്റെ നാമത്തിലുള്ള പ്രഥമ പള്ളിയായ പുതുപ്പള്ളി പള്ളിക്കായി കൊണ്ടുവന്ന വിശുദ്ധന്റെ തിരുശേഷിപ്പ് (അസ്ഥിശകലം) അന്നത്തെ കക്ഷി ഭിന്നതമൂലം പുതുപ്പള്ളിയിൽ സ്ഥാപിക്കാതെ കല്ലാശ്ശേരി പുന്നൂസ് റമ്പാന്റെ സൂക്ഷിപ്പിൽ കുണ്ടറ ദയറായിൽ സൂക്ഷിച്ചു. പ. വട്ടശ്ശേരിൽ പിതാവിന്റെ പുതുപ്പള്ളി പള്ളിയോടുള്ള കരുതലിന്റെ മുഖ്യകാരണം തന്റെ ഗുരുവും പിതാവുമായ പ. പരുമലത്തിരുമേനിയുടെ പുതുപ്പള്ളി പള്ളിയോടുള്ള മതിപ്പായിരുന്നു എന്ന് പഴമക്കാർ അനുസ്മരിക്കുന്നു.

ഭാഗ്യവശാൽ 1995 ലെ സുപ്രീംകോടതി വിധി ഉത്തരവിനെ തുടർന്ന് പുതുപ്പള്ളി പള്ളി കേസ് നടത്തിപ്പിന് സഭാനേതൃത്വത്തിന്റെ ഉപദേശ നിർദ്ദേശകരായ വക്കീലന്മാരെ അവഗണിച്ച് പുതിയ വക്കീലന്മാരെ വച്ചു. അതു മൂലം കേസ് അവസാനിച്ച് റിസീവർ ഭരണം മാറി. 1934 ലെ ഭരണഘടന പ്രകാരം വിഘടിതരെ പുറത്താക്കി. പള്ളി പുതുക്കി പണിതു കൂദാശയും കഴിഞ്ഞപ്പോൾ 2004 ൽ വി. സഹദായുടെ തിരുശേഷിപ്പ് പുതുപ്പള്ളി പള്ളിയിൽ സ്ഥാപിച്ച് പ. വട്ടശ്ശേരിൽ തിരുമേനിയുടെ സ്വപ്നം സാക്ഷാത്കരിച്ച് പുതുപ്പള്ളിപള്ളിക്ക് സഹദായുടെ സാന്നിദ്ധ്യത്തിലൂടെ ശക്തി പകർന്നു. വി. സഹദായുടെ തിരുശേഷിപ്പ് പേടകത്തിന്റെ വടക്കുവശത്ത് പ. വട്ടശ്ശേരിൽ പിതാവിന്റെ നാമത്തിൽ മലങ്കരയിൽ ആദ്യമായി ഒരു ത്രോണോസ്സ് സ്ഥാപിച്ച് പുതുപ്പള്ളിക്കാർ ആ പരിശുദ്ധ പിതാവിനോടുള്ള ഭയഭക്തി ബഹുമാനാദികൾ പ്രകടിപ്പിച്ച് സായൂജ്യം പ്രാപിച്ചു. എല്ലാവർഷവും ഫെബ്രുവരി 23 നു ശേഷം വരുന്ന ശനിയാഴ്ച പരിശുദ്ധ വട്ടശ്ശേരിൽ പിതാവിന്റെ ഓർമ്മപ്പെരുനാളായി ആഘോഷിച്ചു പോരുന്നു.



വി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് ഉൾക്കൊള്ളുന്ന പേടകം

# ആരാധനാ സമയ ക്രമീകരണം അട്ടിമറിക്കാൻ ശ്രമം

കോട്ടയം: ക്രിസ്തുമസ്, പെസഹാ, ഈസ്റ്റർ, ആരാധനകളുടെ സമയക്രമീകരണം സംബന്ധിച്ച് സുന്നഹദോസ് നിശ്ചയം വിജയകരമായി നടപ്പാക്കി. ഈ ശുശ്രൂഷകൾ സന്ധ്യയ്ക്കാക്കിയ പ്രദേശങ്ങളിൽ ആളു കുറയുമെന്ന പ്രചാരണം നടന്നിട്ടും ശുശ്രൂഷയിൽ സംബന്ധിച്ചവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല എന്നാണ് മിക്ക ഇടവകപ്പള്ളികളിൽ നിന്നുമുള്ള റിപ്പോർട്ട്.

എന്നാൽ സുന്നഹദോസ് നിശ്ചയം അട്ടിമറിക്കാൻ ബോധപൂർവ്വമായ ശ്രമം കോട്ടയം ഭദ്രാസനത്തിലെ ചില വൈദികർ നടത്തിയതായി ആരോപണമുയർന്നിട്ടുണ്ട്. മിക്ക പള്ളികളിലും രാവിലെ 6-7 മണിക്ക് ശുശ്രൂഷകൾ അവസാനിച്ചപ്പോൾ ചില വൈദികർ ബോധപൂർവ്വം 8-9 മണിവരെ നീട്ടിക്കൊണ്ടുപോയി. ഭദ്രാസന സെക്രട്ടറി മൂന്നു മണിക്കാരംഭിച്ച ഈസ്റ്റർ ശുശ്രൂഷ 9.30 നാണത്രെ അവസാനിപ്പിച്ചത്. പുതിയ സമയക്രമത്തിനോട് ജനങ്ങളിൽ എതിർപ്പുണ്ടാക്കാനാണ് ഇപ്രകാരം വലിച്ചു നീട്ടിയതെന്ന് ആരോപണം ഉയർന്നിട്ടുണ്ട്.

# പെരുന്നാൾ എങ്ങിനെ ആഘോഷിക്കണം

### കെ. യു. ഫിലിപ്പോസ്

പെരിയനാൾ ലോപിച്ചതാണ് പെരുന്നാൾ. നമ്മുടെ എല്ലാ പള്ളികളിലും ചെറിയ പെരുനാൾ, വലിയ പെരുനാൾ ഇങ്ങനെ രണ്ടു പെരുനാളുകളുണ്ട്. എന്നാൽ വലിയ പെരുന്നാൾ ആണ് കൂടുതലായി ആഘോഷിക്കുന്നത്. ഇടവകയിലെ ആളുകൾ ഒത്തുചേരുന്നതിനും സന്തോഷിക്കുന്നതിനും ആഹ്ലാദം പങ്കിടുന്നതിനും ഇതുമൂലം സാധിക്കുന്നു. പെരുന്നാളിന്റെ പ്രധാന ഘടകമാണ് പ്രദക്ഷിണം. ഇസ്രായേൽ ജനതകളെ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും വഴി നടത്തിയതിന്റെ സൂചനയും ഇതിലുണ്ട്. യഹോവയുടെ ആലയത്തിൽ ദാവീദ് ഉണ്ടാക്കിയ വാദ്യങ്ങളാൽ സ്തുതിക്കുന്നതിന് നാലായിരം ലേവ്യരെ നിയമിച്ചിരുന്നതായി ഒന്ന് ദിനവൃത്താന്തം 23:5 ൽ നമ്മൾ വായിക്കുന്നു. ആചാരവെടി, വാദ്യമേളങ്ങൾ, ദീപാലങ്കാരങ്ങൾ, വെടിക്കെട്ട് മുതലായവയോടു കൂടി പെരുന്നാൾ ആഘോഷിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഉപരിപ്ലവം ആകരുത്. ആളുകൾ തിങ്ങിക്കൂടുമ്പോൾ രോഗാണുക്കൾ, കാർബൺഡയോക്സൈയിഡ്, ദുഷിച്ച വായു ഇവകളാൽ അന്തരീക്ഷം മലിനപ്പെടുന്നു. അത് പരിഹരിക്കാനും അന്തരീക്ഷം ശുദ്ധീകരിക്കുവാനും വേണ്ടിയാണ് പള്ളികളിലും അമ്പലങ്ങളിലും രാത്രി പരിപാടികൾക്കുശേഷം വെടിക്കെട്ട് നടത്തുന്നത് എന്ന് കടവിൽ പോൾ റമ്പാൻ ഒരിക്കൽ ഒരു ക്രൈസ്തവ മാസികയിൽ എഴുതിയിരുന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. എന്നാൽ ചില നവീകരണ സഭകളുടെ ആശയങ്ങൾ നമ്മുടെ സഭയിൽ പ്രചരിപ്പിക്കുന്ന കപടഭക്തർ ഇതിനെ എതിർത്തു എന്നേയുള്ളു.

പരിശുദ്ധന്മാരായി പ്രഖ്യാപിക്കുവാൻ പോകുന്ന കല്ലാശ്ശേരിൽ ബാവാ തിരുമേനി, പാമ്പാടി തിരുമേനി എന്നിവരുടെ സാന്നിദ്ധ്യത്തിൽ എല്ലാവിധ വാദ്യമേളങ്ങളോടെയും വെടികെട്ടുകളോടു കൂടിയും ഉള്ള പെരുന്നാൾ പല പള്ളികളിലും ആചരിച്ചിരുന്നത് ഈ ലേഖകൻ നേരിൽ കണ്ടിട്ടുണ്ട്. അവർക്ക് അതിൽ എതിർപ്പില്ലായിരുന്നെങ്കിൽ പിന്നീട് ചിലർ അത് എതിർക്കുന്നത് എന്തിന്? നമ്മുടെ പെരുന്നാളുകൾ കൂടുതലും ക്രി സ്തുമസ്സിനും മൂന്നു നോമ്പിനും ഇടക്കാണ്. ഈ സമയം വിളവെടുപ്പുകളുടെ സമയമാണ്. അതുകൊണ്ട് നല്ലതുപോലെ ആദ്യഫല ശേഖരം നടത്തി എല്ലാ പള്ളികളും ഭംഗിയായി പെരുന്നാൾ ആഘോഷിക്കണം. കഴിയുമെങ്കിൽ ആദ്യഫലം കൊണ്ട് ഒരു ചെറിയ സംഖ്യ എങ്കിലും പള്ളിക്ക് മിച്ചം വയ്ക്കുകയും വേണം. വാദ്യമേളങ്ങൾ ഇല്ലാ ത്ത പ്രദക്ഷിണം വിലാപയാത്രയായി തീരും. പെരുന്നാൾ വിലപിക്കുവാനുള്ളതല്ല. പ്രത്യുത സന്തോഷിക്കുവാനുള്ളതാണ്. ❑

# അച്ചനും കൊച്ചനും (ഭാഗം 4)

### മാത്തുക്കുട്ടിച്ചായൻ

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ, നമ്മുടെ ശ്രേഷ്ഠ ബാവായും, മറ്റവരുടെ പരിശുദ്ധ ബാവായും സമന്മാരാണെന്ന് മനോരമ സമ്മതിച്ചു.

അച്ചൻ: കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ സ്ഥാപിച്ച കാതോലിക്കേറ്റും, കാതോലിക്കാ സ്ഥാനവും സർവ്വസ്വതന്ത്രവും, പാത്രിയർക്കേറ്റിനും പാത്രിയർക്കീസിനും തുല്യവും പാത്രിയർക്കീസ് സമന്മാരിൽ മുമ്പനുമാണെന്നാണ് അന്നത്തെ അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

കൊച്ചൻ: എന്നാൽ പിന്നെ എങ്ങിനെയാണ് "ബാവാമാർ ആശംസ നേർന്നു" എന്ന് രണ്ടു പേരുടെയും പേര് എഴുതി ഒറ്റ വാർത്തയായി ഏപ്രിൽ 16-ാം തീയതി പ്രസിദ്ധീകരിച്ചത്?

അച്ചൻ: മാമ്മൻമാപ്പിളയുടെ കാലത്ത് ഒരു കാതോലിക്കാ ബാവായെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്ന് മനോരമ മറ്റു രണ്ടു കാതോലിക്കാമാരെ കൂടി ആസനസ്ഥരാ ക്കി ആദരിച്ച് പ്രോത്സാഹിപ്പിക്കുന്നു എന്നു മാത്രം.

കൊച്ചൻ: അപ്പോ മനോരമ സഭാ പ്രശ്നത്തിൽ നയം മാറ്റിയോ?

അച്ചൻ: തീർച്ചയായും. നയവും, സഭാസ്നേഹവും രണ്ടും രണ്ടാണ്. പണ്ട് കെ. സി. മാമ്മൻ മാപ്പിളയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഒരു കാതോലിക്കായുടെ സ്ഥാനത്ത് ഇന്ന് മറ്റു രണ്ട് കാതോലിക്കാ കൂടി ഉണ്ടായി. മാമ്മൻ മാപ്പിളയുടെ വാക്കിനും, പ്രവൃത്തിക്കും, സത്യത്തിനും നീതിക്കും അനുസരിച്ച് നയവും പറഞ്ഞിരുന്നാൽ പത്രത്തിന്റെ എണ്ണം വർദ്ധിക്കില്ല. ചുരുക്കിപറഞ്ഞാൽ ഇന്നത്തെ ചെറുപ്പക്കാരുടെ ചൊല്ലുപോലെ "ഡാഡിക്ക് ഡാഡിയുടെ വൈഫിനോട് ഇഷ്ടം" എനിക്ക് "എന്റെ വൈഫിനോട് ഇഷ്ടം" അത്ര മാത്രം.

കൊച്ചൻ: എന്നാ പിന്നെ ഇന്നത്തെ പത്രധർമ്മം എന്നു പറയുന്നത് എന്താച്ചാ?

അച്ചൻ: എത്രയും കൂടുതൽ പത്രം അച്ചടിക്കുക. സംവാദവും, സംഘർഷവും സൃഷ്ടിച്ച് ജാതി, മത, വിഭാഗ വിഭാഗീയത സൃഷ്ടിച്ച് ഗ്രൂപ്പുകൾ ഉണ്ടാക്കി രാഷ്ട്രീയക്കാരെയും പ്രീണിപ്പിച്ച് പത്രം കൂടുതൽ വില്ക്കുക എന്നതാണിന്നത്തെ ആധുനിക പത്രധർമ്മവും സഭാസ്നേഹവും.

കൊച്ചൻ: അപ്പോൾ സഭാപ്രശ്നം മനോരമയുടെ സൃഷ്ടിയാണോ?

അച്ചൻ: എന്നു ഞാൻ പറയില്ല. പക്ഷേ മനോരമ നിശ്ചയിച്ചാൽ സഭാപ്രശ്നം ന്യായമായി പരിഹരിക്കാനും, പ്രശ്നം നിലനിർത്താനും, തമ്മിലടിപ്പിക്കാനും പറ്റും. കാരണം 1995 ലെ വിധിവരെ മനോരമ കാതോലിക്കേറ്റിന്റെ വക്താവായിരുന്നു. എന്നാൽ ഇന്ന് അവരും ഗവൺമെന്റും നമ്മെ വളരെ സഹായിക്കുന്നു. അതു തന്നെയാണ് നമ്മുടെ രക്ഷ.

കൊച്ചൻ: എന്നാൽ സുപ്രീംകോടതി വിധിപ്രകാരം പ്രശ്നം തീർക്കാമല്ലോ?

അച്ചൻ: തീർക്കാമായിരുന്നു. പെരുമ്പള്ളി തിരുമേനിക്ക് താല്പര്യവുമായിരുന്നു. ദൈവകൃപയാൽ തീരാതിരുന്നതിനാൽ നമുക്കും ഒരു കാതോലിക്കാ ഉണ്ടായി.

നമ്മുടെ പ്രസ്ഥാനം ഒരു സൊസൈറ്റി ആണെങ്കിലും മാധ്യമങ്ങളുടെയും ഗവൺമെന്റിന്റെയും അതിരറ്റ സഹായത്താൽ ഒരു സഭയാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ സാധിച്ചു.

കൊച്ചൻ: പിന്നെ എന്തിനാ ഇടക്കിടക്ക് കോടതിവിധി പ്രകാരം സമാധാനം ആവാമെന്നും നീതിബോധമുള്ളവർക്ക് വോട്ടു ചെയ്യണമെന്നും ഭൂരിപക്ഷം വച്ച് വിധിക്കണമെന്നുമൊക്കെ നമ്മൾ പറയുന്നത്.

അച്ചൻ: ഇതൊക്കെ മനോരമ പ്രസിദ്ധീകരിക്കുന്നതു മൂലം നമ്മുടെ 2002-ലെ കാതോലിക്കേറ്റിന് പിടിച്ചു നില്ക്കാം. ഓർത്തഡോക്സുകാരിൽ ആശയക്കുഴപ്പവും, ആത്മവീര്യവും കെടുത്തി തമ്മിലടിപ്പിക്കാം.

കൊച്ചൻ: അതുകൊണ്ട് ആർക്കാണു നേട്ടം?

അച്ചൻ: നമ്മുടെ ബാവായ്ക്കും, നമുക്കും നിലനില്പ്പും. മനോരമയ്ക്ക് നമ്മുടെ ഇടയിൽ സ്വാധീനവും ഉണ്ടായി. നമ്മൾ ചെറിയ കൂട്ടം എങ്കിലും സംഘടിതശക്തിയാണെന്ന് ഗവൺമെന്റു വരെ അംഗീകരിച്ചില്ലേ? നമുക്ക് അവരുടെ പള്ളികളിൽ അവകാശവും തന്നില്ലേ?

കൊച്ചൻ: അപ്പോ അവരുടെ തിരുമേനിമാരും നേതൃത്വവും എന്താ മനോരമയോട് പ്രതികരിക്കാത്തത്?

അച്ചൻ: എടാ ഓർത്തഡോക്സുകാർ നമ്മളെപ്പോലെ സംഘടിത ശക്തിയല്ല. പിന്നെ അവരുടെ മിക്ക മെത്രാന്മാരും നേതാക്കളും മനോരമയുടെ ആൾക്കാരാണ്. പ്രതികരിച്ചാൽ പേരും, പെരുമയും, പടവും പത്രത്തിൽ വരില്ല. ജീവിതം കൊണ്ടും പ്രവർത്തിയും, പ്രാർത്ഥനയും കൊണ്ട് പേര് എടുക്കാൻ ഇന്നത്തെ തിരുമേനിമാർ എന്താ പരുമല, വട്ടശ്ശേരി, പാമ്പാടി തിരുമേനിമാരല്ലല്ലോ.

കൊച്ചൻ: ഓർത്തഡോക്സ്കാർക്ക് വാർത്താ പ്രാധാന്യം നഷ്ടമായത് എന്താ അച്ചാ?

അച്ചൻ: ദിദിമോസ് ബാവാ തികഞ്ഞ സന്യാസിവര്യനും, പണ്ഡിതനും, ലാളിത്യം ഉള്ള താപസനുമാണ്. മാധ്യമങ്ങളിലും, അഭ്രപാളികളിലും തിളങ്ങുന്നത് അദ്ദേഹത്തിന് താല്പര്യമില്ലായിരിക്കാം. തന്നെയുമല്ല നമ്മുടെ ബാവയെപ്പോലെ വിവാദവും സമരമുറയും നടത്താൻ കഴിവില്ല.

കൊച്ചൻ: ഓർത്തഡോക്സ് അൽമായ ട്രസ്റ്റി വർക്കിങ്ങ് കമ്മറ്റിക്ക് പോയില്ലെന്നും എന്തോ എഴുത്തു കൊടുത്തു എന്നും, രാജിവയ്ക്കും എന്നൊക്കെ കേട്ടല്ലോ?

അച്ചൻ: രാജിയോ? മാത്തുക്കുട്ടിച്ചായൻ രാജിവച്ചത് മഠയത്തരമായി എന്നു പറയുന്ന അവറാച്ചായനോ? 25 വർഷമായി സേവനം നടത്തുന്ന സ്ഥാനത്തു നിന്ന് മാറുമോ? തന്നെയുമല്ല സഭയെ ഈ പരുവത്തിലാക്കി - നമ്മുക്ക് വീതിച്ചു തരാൻ തയ്യാറായി നില്ക്കുന്ന മാന്യവ്യക്തിയാണദ്ദേഹം.

മണർകാട് മാർച്ച് പൊളിച്ച് നമ്മുടെ ബാവായ്ക്ക് പ്രവേശന അവസരം സൃഷ്ടിച്ചും, വടക്കൻ ചേട്ടന്മാരെ സംഘടിപ്പിച്ച് സംയുക്തം ഉണ്ടാക്കി വടക്ക് പള്ളികൾ ഉറപ്പിച്ചതും തൃക്കുന്നത്ത് ധൂപം വയ്പിച്ചതും ഇദ്ദേഹവും ഇദ്ദേഹത്തിന്റെ സുഹൃത്തുക്കളായവർക്കും പങ്കുണ്ട്. വർക്കിങ്ങ് കമ്മറ്റിയിൽ നിന്ന് രാജിവച്ചും അല്ലാതെയും പുറത്താക്കപ്പെട്ടവരായ സ്വന്തക്കാരുടെയും ഗവൺമെന്റിന്റെയും അന്തം വിട്ടകളിയല്ലേ നമുക്ക് ഇത്ര ഗ്രിപ്പ് ഉണ്ടാക്കിത്തന്നത്.

കൊച്ചൻ: അപ്പോ സുപ്രീംകോടതീലെ കേസ്സ് അനന്തമായി നീട്ടിയും വർഗ്ഗീസ് വധം കേസ്സ് തീർപ്പാക്കാതെയും ഇത്രയും കാലം നമ്മെ സഹായിച്ചല്ലേ അച്ചാ?

അച്ചൻ: ദിദിമോസ് ബാവാ നരിമാനെ ഫോണിൽ ബന്ധപ്പെട്ട് കേസ്സ് തീർപ്പാക്കാൻ ഉപദേശിച്ചെന്നും ദേവലോകത്തെ വക്കീലന്മാർ പ്ലെയിൻ ടിക്കറ്റുമായി ഡൽഹിക്കു പുറപ്പെടാനൊരുങ്ങിയിട്ട് ഇടയ്ക്ക് മുങ്ങി എന്നും ഒക്കെ കേൾക്കുന്നു. അതിലുപരി, സഹോദരനേയും, അയൽക്കാരനേയും ശത്രുവിനേയും സ്നേഹിക്കാൻ പഠിപ്പിച്ച പരമ പിതാവിന്റെ അനുയായികളായ ഇവർ പള്ളികൾ നിയമപ്രകാരം നഷ്ടപ്പെട്ട നമ്മുടെ വർഗ്ഗത്തിനുവേണ്ടി പള്ളികൾ പങ്കുവച്ചു തരുവാൻ ശ്രമിക്കുന്ന നല്ല ശമരിയാക്കാരാണ്.

കൊച്ചൻ: എൽ. ഡി. എഫ് ജയിച്ചാൽ നമുക്ക് പ്രയോജനം ഉണ്ടോ?

അച്ചൻ: ഉണ്ട്. എൽ. ഡി. എഫുകാരും, ലോകരും പറയുന്നത് ഓർത്തഡോക്സുകാർ എല്ലാം യു. ഡി. എഫും മനോരമയുടെ ആൾക്കാരുമാണെന്നാണ്. അതുകൊണ്ട് എൽ. ഡി. എഫ്. ആണെങ്കിലും നമ്മുടെ ബാവായുടെ നേതൃത്വത്തിൽ സംഘശക്തി പ്രകടിപ്പിച്ചാൽ മതി. ഓർത്തഡോക്സുകാർ സംഘടിക്കാൻ അവരുടെ നേതാക്കൾ സമ്മതിക്കില്ല. അഥവാ യു. ഡി. എഫ്. ആയാലും കുഴപ്പമില്ല. മനോരമ ഉള്ളകാലം ഉമ്മൻ ചാണ്ടി, പ്രശ്നം തീർന്നാലും, കേസ്സ് നടത്തിക്കൊടുക്കില്ല. തീർച്ച. ❑

# ഉപ്പുതിന്നാൽ വെള്ളം കുടിക്കും

### ഗമാലിയേൽ

**സർവ്വ സാമൂഹ്യനീതിയേയും നിയമവ്യവസ്ഥകളേയും വെല്ലുവിളിച്ച് ബൈപ്പാസ് റോഡിനും ഉണ്ണുനീലി സന്ദേശം റോഡിന്റെ പ്രവേശന കവാടം അടച്ചും പുറംപോക്കുകൾ മണ്ണടിച്ച് പൊക്കിയും ചരിത്രപ്രസിദ്ധമായ ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായ പുതുപ്പള്ളി പള്ളിക്കും വി. ഗീവർഗ്ഗീസ് സഹദായുടെ ആവാസ കേന്ദ്രത്തിനും വിഘാതമായി നിയമ വിരുദ്ധമായി അധികാരികളുടെ ഒത്താശയോടെ പടുത്തുയർത്തുന്ന കോൺക്രീറ്റു സൗധ (പാത്രിയർക്കാ പള്ളി) ത്തിന് പിന്നിൽ പ്രവർത്തിച്ചവർ വെള്ളം കുടിക്കും. സ്വാർത്ഥലാഭത്തിനായി നവ മദ്ധ്യസ്ഥന്മാരുടെ ഈ പള്ളിയോടും സഭയോടു പൊതുവായും നീതി പുലർത്താത്തവരോട് നിന്റെ കോപം ജ്വലിപ്പിക്കരുത് എന്ന് പ്രാർത്ഥിക്കുകയല്ലാതെ ഏഴകളായ വിശ്വാസികൾ എന്തു ചെയ്യും.**

മുഖലേഖനം

# സഭയും രാഷ്ട്രീയവും

അടുത്ത അഞ്ചുവർഷം കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ ഭരിക്കേണ്ടതാരെന്ന് ജനങ്ങൾ വിധിയെഴുതിക്കഴിഞ്ഞു. ഇത് പുറത്തിറങ്ങിക്കഴിഞ്ഞ ശേഷമേ ഈ സംസ്ഥാനങ്ങളിലെയും വിധിയെഴുത്ത് എന്ത് എന്നത് സംബന്ധിച്ച ഫലം പുറത്തുവരികയുള്ളു. പലരും അവരവരുടേതായ വിലയിരുത്തലുകൾ നടത്തുന്നുണ്ട് - ഒപ്പിനിയൻ പോൾ, എക്സിറ്റ് പോൾ എന്നിങ്ങനെ മാർക്കറ്റ് റിസേർച്ച് രീതികളിലുള്ള പഠനങ്ങൾ അവയിൽ ചിലതു മാത്രം. പാർട്ടികൾ തങ്ങളുടെ പ്രവർത്തകരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെയടിസ്ഥാനത്തിലും, നിരീക്ഷകർ തങ്ങളുടെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങളുടെയടിസ്ഥാനത്തിലും ഫലങ്ങളെന്തായിരിക്കുമെന്ന് കണക്കു കൂട്ടുന്നുമുണ്ട്. പക്ഷേ ജനസാമാന്യത്തിന്റെ മനസ്സിന്റെ താക്കോൽ ആരുടെയും കയ്യിലില്ലാത്തതിനാൽ മുൻപറഞ്ഞ കണക്കു കൂട്ടലുകളിലെല്ലാം കുറഞ്ഞതോ കൂടിയതോ ആയ പിഴവുകൾ ഉണ്ടാകുക സ്വാഭാവികം മാത്രം.

ഓർത്തഡോക്സ് സഭ ഈ തിരഞ്ഞെടുപ്പിൽ ഒരു നയമില്ല എന്ന നയമാണ് സ്വീകരിച്ചത്. സഭാംഗങ്ങൾ പല പാർട്ടികളിലുമുള്ളവരായതിനാൽ മറ്റൊരു സമീപനം സാധ്യമാവുകയുമില്ലായിരുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തീയമായ സമീപനത്തിൽ ജീവിക്കുവാൻ വിശ്വാസിയെ പ്രബോധിപ്പിക്കുവാനുള്ള ചുമതല സഭയ്ക്കുള്ളതിനാൽ രാഷ്ട്രീയ രംഗത്ത് വിശ്വാസി എന്തു സമീപനം പുലർത്തണം എന്നതിന്റെ മാർഗ്ഗദർശനം നൽകുവാൻ സഭയ്ക്ക് ചുമതലയുണ്ട്. പക്ഷേ ഓർത്തഡോക്സ് സഭ എക്കാലവും ആ ചുമതലയിൽ നിന്നും ഒഴിഞ്ഞു നില്ക്കുകയായിരുന്നു. ഭരിക്കുന്നവരാരായാലും അവരിൽ നിന്നും എന്തെങ്കിലും സൗജന്യങ്ങൾ ലഭിക്കുമോ എന്നതിൽ മാത്രമായിരുന്നു കാലാകാലങ്ങളിൽ സഭ ശ്രദ്ധിച്ചിരുന്നത്. അങ്ങിനെ പലതും നേടിയെടുക്കുന്നതിനുള്ള സമീപനങ്ങളിൽ ചില വൈകല്യങ്ങൾ ഉണ്ടായിരുന്നു. നട്ടെല്ലു നിവർത്തി നിന്ന് പൗരുഷത്തോടെ തങ്ങൾക്ക് അർഹതപ്പെട്ടത് കണക്കു പറഞ്ഞു വാങ്ങുവാനുള്ള സ്വാഭിമാനം എക്കാലത്തും സഭ പുലർത്തിയിരുന്നില്ല. അധികാര സ്ഥാനങ്ങളുടെ മുന്നിൽ പിച്ചച്ചട്ടിയുമായി നിൽക്കുന്ന യാചകന്റെ ശരീരഭാഷയായിരുന്നു സഭയുടെ ഗവൺമെന്റുകളോടുള്ള സമീപനം.

ഇ. എം. ജോർജിനെയും സി. എം. സ്റ്റീഫനെയും ഇലഞ്ഞിക്കൽ ജോൺ ജേക്കബിനെയും പോലെ സഭാസ്നേഹം സിരകളിലൂടെ പ്രവഹിച്ചിരുന്ന തലമുറയ്ക്ക് വംശനാശം വന്നു ഭവിച്ചിരിക്കുന്നു. കൊടുക്കുന്ന എന്തിനും വിലയീടാക്കുന്ന സമകാലീന രാഷ്ട്രീയക്കാരന് സഭയ്ക്ക് ഒന്നും നല്കുവാനില്ല. കാരണം സഭ അവർക്ക് ഒന്നും കൊടുക്കുന്നില്ല എന്നതു തന്നെ. ഇന്ന് പല പാർട്ടികളിലും നേതാക്കളായി ഓർത്തഡോക്സുകാർ ഉണ്ട്. അവർക്ക് സഭയോട് യാതൊരു പ്രതിബദ്ധതയുമില്ല. കാരണം അവർ നേതൃസ്ഥാനത്തെത്തിയതിൽ സഭയ്ക്ക് യാതൊരു പങ്കുമില്ല. "എന്റെ പുറം ചൊറിഞ്ഞാൽ ഞാൻ നിന്റെ പുറം ചൊറിഞ്ഞു തരാം" എന്ന രീതിയിൽ കൊടുക്കൽ - വാങ്ങൽ നിലയിലെത്തി നില്ക്കുന്ന രാഷ്ട്രീയാന്തരീക്ഷത്തിൽ സഭയുടെ താല്പര്യങ്ങളെ രാഷ്ട്രീയക്കാർ അവഗണിക്കുന്നത് സ്വാഭാവികമാണ്.

സഭയുടെ രാഷ്ട്രീയത്തിലെ പങ്ക് തിരഞ്ഞെടുപ്പിൽ ആരെയെങ്കിലും ജയിപ്പിക്കയോ തോല്പിക്കുകയോ ചെയ്യുന്നതിൽ മാത്രമല്ല സ്ഥിതി ചെയ്യേണ്ടത്. സമൂഹത്തെ ഗുണപരമായി പരിവർത്തനം ചെയ്യിക്കേണ്ട ചുമതല സഭക്കുണ്ടെങ്കിൽ രാഷ്ട്രീയത്തിൽ നിന്നും വേറിട്ടു നിൽക്കുവാനാവില്ല. തിരഞ്ഞെടുപ്പ് ജയ-പരാജയങ്ങളെ സ്വാധീനിക്കുക എന്നത് ലക്ഷ്യമല്ല, മാർഗ്ഗമാണ്. "പാർട്ടിയേതായാലും സ്ഥാനാർത്ഥി എങ്ങിനെയുള്ളവനായാലും സഭയുടെയാളായാൽ മതി" എന്ന സമീപനം തികഞ്ഞ വർഗ്ഗീയതയാണ്. ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിക്കോ മുന്നണിക്കോ പിന്തുണ പ്രഖ്യാപിക്കുന്നത് പക്ഷം ചേരലുമാണ്. ചുരുക്കമായി പറഞ്ഞാൽ തിരഞ്ഞെടുപ്പ് പടിവാതിൽക്കളെത്തുമ്പോളല്ല രാഷ്ട്രീയത്തെപ്പറ്റി ചിന്തിക്കേണ്ടത്.

രാഷ്ട്രീയത്തിൽ മൂല്യബോധം, സത്യസന്ധത, ആദർശധീരത മുതലായവ പുനഃസ്ഥാപിക്കുവാൻ ലക്ഷ്യം വച്ചാവണം സഭയുടെ രാഷ്ട്രീയ ഇടപെടൽ. സഭയിലെ അംഗങ്ങളുടെ നീതിപൂർവ്വകമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതും രാഷ്ട്രീയത്തിലെ ഇടപെടലിന്റെ ലക്ഷ്യമാകണം. അനീതി, ചൂഷണം, പരിസ്ഥിതി നശീകരണം മുതലായവക്കെതിരെ പ്രതികരിക്കേണ്ടതും സഭയുടെ ചുമതലയിൽ പെട്ടതാണ്. വളരെ ഗൗരവമായി പഠിക്കയും കർമ്മപദ്ധതികളാവിഷ്ക്കരിക്കയും ചെയ്യേണ്ട മേഖലകളാണിവ. രാഷ്ട്രീയത്തിലെ നിരവധി സമ്മർദ്ദ ഗ്രൂപ്പുകളിൽ ഒന്ന് എന്ന നിലയിൽ നിന്നും ഈ രംഗത്തെ ശുദ്ധീകരണത്തിന് വേഗത നല്കുന്ന ഒരു രാസത്വരകമാവുകയാണ് സഭയുടെ ധർമ്മം.

അമൂർത്തമായ ആശയങ്ങളാണ് ഇവ എന്ന് സമ്മതിക്കുന്നു. എളുപ്പത്തിൽ ജനസാമാന്യത്തിനു മുൻപിൽ അവതരിപ്പിച്ച് ഉടനെ ഫലങ്ങൾ കൊയ്തെടുക്കാവുന്ന ഒരു ഇൻസ്റ്റന്റ് ഫോർമുലയുമല്ല. പക്ഷേ, വേറിട്ട ഒരു പാതയിലൂടെ ഒരു യഥാർത്ഥ പുരോഗമന ശക്തിയാകുവാൻ സഭയ്ക്ക് കഴിയണമെങ്കിൽ ഇത്തരത്തിലുള്ള ഒരു തനിമയുള്ള ശബ്ദം ഉയർത്തുക തന്നെ വേണം.

# പാമ്പാടിയിലും പുതിയ അരമന പണിയുന്നു

പാമ്പാടി: പ: പാമ്പാടി തിരുമേനിയ്ക്കും പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിക്കും ശേഷം പാമ്പാടി ആസ്ഥാനമാക്കി കോട്ടയം ഭദ്രാസന ഭരണം സുഗമമായി നടത്താൻ മറ്റ് പല തിരുമേനിമാർക്കും സാധിച്ചില്ല എന്നിരുന്നാലും പുതിയ അരമന കെട്ടിടം പണിയുവാൻ വന്ദ്യ റമ്പാച്ചൻ തീരുമാനിച്ചു. കോട്ടയം ഇടവകയുടെ ഇപ്പോഴത്തെ അഭിവന്ദ്യ തിരുമേനി പാമ്പാടിയിൽ നിന്ന് മാറി ഈരേക്കടവിൽ ഒരു ആസ്ഥാനമന്ദിരം വാങ്ങി. അതു വിറ്റു. ഭദ്രാസന വക ഞാലിയാകുഴി ദയറായിൽ എത്തി. ദയറായ്ക്കു ചുറ്റും ഉള്ള പ്രദേശം വാങ്ങി. ഇപ്പോൾ പ്ലോട്ടുകളായി വില്ക്കുന്നു. ഇതിനിടയിൽ എം. ഡി. സെന്ററിൽ കോടികൾ മുടക്കി ആസ്ഥാന മന്ദിരം നിർമ്മിച്ചു. ബാദ്ധ്യത തീർന്നിട്ടില്ലെങ്കിലും പാമ്പാടിയിലെ അരമനസൗധം പണിതീർത്ത്, സൗധങ്ങളും സ്ഥാപനങ്ങളും കൊണ്ട് കോട്ടയം ഭദ്രാസനവും ഓർത്തഡോക്സ് സഭയും ധന്യയാകുന്നു. കോട്ടയം ഭദ്രാസനം ഒരു റിയൽ എസ്റ്റേറ്റ് കമ്പനിയായി മാറുകയാണോ എന്ന് സഭാംഗങ്ങൾ വിലപിക്കുന്നു.

# മലങ്കര വർഗ്ഗീസ് വധത്തെക്കുറിച്ച് സി. ബി. ഐ. അന്വേഷണം: ജൂലൈ 12 ന് ഹൈക്കോടതിയിൽ വാദം

കൊച്ചി: മലങ്കരസഭാ മാനേജിംഗ് കമ്മറ്റി അംഗമായിരുന്ന ശ്രീ. റ്റി. എം. വർഗീസിനെ അതിദാരുണമായി വിഘടിത വിഭാഗത്തിന്റെ വാടക ഗുണ്ടകൾ വധിച്ചിട്ട് 3 വർഷം കഴിഞ്ഞു എങ്കിലും യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനോ, സമഗ്രമായ അന്വേഷണം നടത്തുന്നതിനോ സംസ്ഥാന സർക്കാർ തയ്യാറാകാത്ത സാഹചര്യത്തിൽ വർഗീസിന്റെ ഭാര്യയും മക്കളും ബഹു: ഹൈക്കോടതിയിൽ സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ടു കൊടുത്ത ഹർജ്ജിയിൽ ജസ്റ്റിസ് കെ. പത്മനാഭൻ നായരുടെ ബഞ്ചിൽ പ്രാരംഭവാദം നടന്നു. ഹർജ്ജിക്കാർക്കു വേണ്ടി അഡ്വ. ശ്രീകുമാറും അഡ്വ. പി. ജി. ജേക്കബും ഹാജരായി. സി. ബി. ഐ. ക്ക് നോട്ടീസ് അയക്കാനും ജൂലൈ 12 ന് വാദം കേൾക്കുവാനും കോടതി ഉത്തരവായി.

സെക്രട്ടറി എഴുതുന്നു

# സഭയിൽ സാമ്പത്തിക അച്ചടക്കം ഉണ്ടാവണം

**വളരെ ബൃഹത്തായ ഒരു വിഷയമാണിത്. ഒരു ലക്കത്തിൽ പറയുവാനുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിക്കുവാനാവാത്തതിനാൽ വിഷയത്തിന്റെ ഒരു ആമുഖം മാത്രമാണ് ഇപ്പോൾ നല്കുന്നത്. വായനക്കാരുടെ പ്രതികരണങ്ങൾ സ്വാഗതം ചെയ്യുന്നു.**

സഭ ഇന്ന് വളരെയധികം സമ്പത്തു കൈകാര്യം ചെയ്യുന്ന ഒരു സ്ഥാപനമായി വളർന്നിരിക്കുന്നു. അതിനനുയോജ്യമാം വിധം സമ്പത്ത് കൈകാര്യം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ രൂപം കൊണ്ടിട്ടില്ല. പത്തോ പതിനഞ്ചോ വർഷങ്ങൾ മുൻപുവരെ ഇടവകതലം മുതൽ സഭാകേന്ദ്രം വരെ എല്ലായിടത്തും കഷ്ടിച്ച് ആവശ്യങ്ങൾ നടത്തുവാനുള്ള ധനം മാത്രം ലഭ്യമാകുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരുന്നത്. കുറെക്കൂടി പിന്നിലേക്ക് കണ്ണയച്ചാൽ ആവശ്യങ്ങൾക്കു പോലും പണമില്ലാതെ അതിപ്രഗത്ഭമതികളായ മെത്രാപ്പോലീത്താമാർ പോലും വിഷമിച്ചിരുന്ന ഒരു കാലഘട്ടം കാണാം. പല ദയറാകളിലും പച്ചവെള്ളം കുടിച്ച് വിശപ്പടക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നത് പ്രായമുള്ള പല ദയറാക്കാർക്കും ഓർമ്മയുള്ള കാര്യമാണ്. പാമ്പാടി തിരുമേനിക്കും പരുമല തിരുമേനിക്കും പട്ടിണി എന്നത് അപരിചിതമായ ഒന്നായിരുന്നില്ല. പുത്തൻകാവിൽ തിരുമേനി കൂലിക്കാരോടൊപ്പം പാറ പൊട്ടിക്കാനും മറ്റും പണിയെടുത്തിരുന്നതും ചരിത്രമാണ്.

ഗൾഫ് ബൂം, അമേരിക്കയിലേക്കും യൂറോപ്പിലേക്കും മറ്റും വൻതോതിൽ സഭാംഗങ്ങൾ കുടിയേറിയ സംഭവവികാസം, ഐ. ടി - ബി. പി. ഒ. മേഖലകളിൽ കഠിനമായി അദ്ധ്വാനിച്ച് മാന്യമായ വേതനം പറ്റുന്ന സഭാവിശ്വാസികൾ, വ്യവസായ വാണിജ്യ രംഗങ്ങളിൽ വിജയം വരിച്ച സഭാസ്നേഹികൾ, വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന ചില പ്രത്യേക വ്യവസ്ഥിതിമൂലം എത്തിച്ചേരുന്ന പണം വിവാഹം മുതലായവയിൽ ധാരാളമായി ചിലവഴിക്കപ്പെടുന്ന പണത്തിന്റെ ഒരു ഭാഗം സഭയുടെ സ്ഥാപനങ്ങളിലുമെത്തിച്ചേരുന്നത് എന്നിങ്ങനെ പല കാരണങ്ങളാൽ ഇന്ന് സഭക്കും സഭയുടെ സ്ഥാപനങ്ങൾക്കും പണം ഒരു പ്രശ്നമല്ലാതായിത്തീർന്നിട്ടുണ്ട്. പക്ഷേ പുതിയ പല പ്രശ്നങ്ങൾക്കും അത് വഴിമരുന്നിട്ടിരിക്കയാണ്.

പണമില്ലായ്മ എന്ന പ്രശ്നം മാറി ഇന്ന് വളരെയേറെ പണം കൈകാര്യം ചെയ്യുന്നത് പ്രശ്നമായി മാറിയിരിക്കുന്നു.

സമ്പത്ത് ധാരാളമായി ഉണ്ടാവുകയും അത് അച്ചടക്കത്തോടെയും വ്യവസ്ഥാപിതമായും കൈകാര്യം ചെയ്യുവാനുള്ള സമ്പ്രദായങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നത് അഴിമതി, ധൂർത്ത്, സ്ഥാപിത താല്പര്യക്കാരുടെ ധനദുർവ്വിനിയോഗം, അധാർമ്മികമായ പ്രവർത്തനങ്ങൾ, ധനമോഹികളുടെ കുത്സിതവർത്തികൾ എന്നിങ്ങിനെ പല തിന്മകളുടെയും വിളനിലമാകുന്നതിലേക്ക് നയിക്കുന്നു. സഭയും ഈ പൊതുനിയമത്തിന് അതീതമല്ല. ഇടവകതലം, ഭദ്രാസനങ്ങൾ, സഭയുടെ കേന്ദ്രഫണ്ട്, സഭയുടെ സ്ഥാപനങ്ങൾ, ദയറാകൾ, വിദ്യാഭ്യാസ-ആതുര സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം സമ്പത്തു കൈകാര്യം ചെയ്യുന്നവയാണ്. പല മെത്രാപ്പോലീത്താമാരും വളരെ വലിയ തുകകൾ സ്വകാര്യ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു എന്നതും പരസ്യമായ ഒരു രഹസ്യമാണ്. സന്യാസം സ്വീകരിച്ചവർ എന്ന നിലയിൽ സ്വകാര്യ സമ്പത്ത് മെത്രാപ്പോലീത്താമാർ സമ്പാദിക്കുന്നത് ശരിയല്ലെങ്കിലും യാഥാർത്ഥ്യം മറ്റൊന്നാണ്. ഈ അർത്ഥത്തിൽ മെത്രാപ്പോലീത്തന്മാരുടെ സ്വകാര്യ സ്വത്തുക്കളും സഭയുടെ സമ്പത്താണ്.

ഓരോ ബ്ലേഡു കമ്പനി പൊട്ടുമ്പോഴും പല മെത്രാപ്പോലീത്താമാരുടെയും ലക്ഷങ്ങൾ പോയതായി കേട്ടുകേഴ്‌വികൾ നാട്ടിൽ പ്രചരിക്കാറുണ്ട്. യാഥാർത്ഥ്യമറിയുവാൻ മാർഗ്ഗമില്ല, കാരണം ഈ പണം ഒരു ഔദ്യോഗിക കണക്കുകളിലും വരാത്തതാണ്. മെത്രാപ്പോലീത്തന്മാർക്കും വലിയ പ്രയാസമുണ്ടാകാറില്ല, കാരണം സാധാരണക്കാരെപ്പോലെ അദ്ധ്വാനത്തിന്റെ ഫലമല്ലല്ലോ ഈ പണം. ഇന്റഗ്രേറ്റഡ് ഫൈനാൻസ് പോലെ സഭയിലെ പ്രമാണിമാർ ഉടമസ്ഥരായ പ്രസ്ഥാനങ്ങളിൽ മെത്രാപ്പോലീത്തന്മാരും വൈദീകരും പണം നിക്ഷേപിച്ചതായറിയുന്ന സാധാരണക്കാരും പണം നിക്ഷേപിച്ച് പാപ്പരായ കഥകൾ അങ്ങാടിപ്പാട്ടാണ്.

സഭാംഗങ്ങൾക്ക് ചിന്തയുണ്ടാകുന്നത് ഇപ്രകാരം ഉള്ള നഷ്ടങ്ങളെക്കുറിച്ചല്ല. സഭയുടെ പൊതുഫണ്ട്, വിവിധ പ്രസ്ഥാനങ്ങളുടെ ഫണ്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ദയറാകൾ, ആശുപത്രികൾ, ഭദ്രാസനങ്ങൾ മുതലായവയുടെ ഫണ്ടുകൾ ഉൽഭവിക്കുന്നതു തന്നെ സഭാംഗങ്ങളുടെ സംഭാവനകളിൽ നിന്നാണ്. ഫീലിപ്പോസ് മാർ തെയോഫിലോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ് തുടങ്ങിയ അന്താരാഷ്ട്ര പ്രശസ്തരായ മെത്രാപ്പോലീത്താമാരുടെ വ്യക്തിബന്ധങ്ങൾ മൂലം പല വിദേശ ഫണ്ടിംഗ് ഏജൻസികളിലൂടെയും സഭയുടെ പല പ്രസ്ഥാനങ്ങൾക്കും ധാരാളം ഫണ്ടുകൾ ലഭിച്ചിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന പല സഭാംഗങ്ങളും തങ്ങളുടെ അദ്ധ്വാനഫലത്തിന്റെ പങ്ക് സഭയ്ക്കായും പ്രസ്ഥാനങ്ങൾക്കായും ഉദാരമായി സംഭാവന ചെയ്യുന്നതാണ് മറ്റൊരു പ്രധാന മാർഗ്ഗം. പരുമലയിലും മറ്റും നേർച്ചയായും മറ്റും അർപ്പിക്കുന്ന പണമാണ് വേറൊരു ധനാഗമമാർഗ്ഗം. ആത്യന്തികമായി സഭയുടേതായി വന്നുചേരുന്ന പണം മിക്കവാറുമെല്ലാം തന്നെ വിശ്വാസികളിൽ നിന്നും ഉൽഭവിക്കുന്നതാണ്. എന്നാൽ അത് എപ്രകാരം വിനിയോഗിക്കപ്പെടുന്നു എന്നതിന് വ്യക്തമായ കണക്കുകൾ ഒന്നും തന്നെ പ്രസിദ്ധീകരിക്കാറില്ല. പേരിന് ഒരു സ്റ്റാച്യൂട്ടറി ഓഡിറ്റും ചില ചെറിയ സമിതികളിൽ കണക്കുകൾ ദോശ ചുടുന്ന ലാഘവത്തോടെ വായിച്ച് പാസ്സാക്കുകയും ചെയ്യുന്നതല്ലാതെ കണക്കുകൾ ഒന്നും തന്നെ വിശദമായ പരിശോധനകൾക്ക് വിധേയമാകുന്നില്ല.

സഭയുടെ ബജറ്റിന്റെ ഒരു വളരെ ചെറിയ ഭാഗം മാത്രമേ മാനേജിംഗ് കമ്മറ്റിക്ക് നിയന്ത്രണമുള്ളതായിട്ടുള്ളു. വിവിധ ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകൾ മാനേജിംഗ് കമ്മറ്റിയുടെ മുമ്പാകെ വരുന്നുണ്ടെങ്കിലും അവയെല്ലാം കേവലം അറിവിനുവേണ്ടി മാത്രം (For Information Only) മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കപ്പെടുന്നതാണ്. ബജറ്റ് പാസ്സാക്കിക്കഴിഞ്ഞാൽ അതിനുള്ളിൽ നിന്നു മാത്രമേ ചിലവുകൾ നടത്താവൂ എന്ന അടിസ്ഥാന സാമ്പത്തിക കൈകാര്യകർതൃത്വത്തിന്റെ തത്വങ്ങൾ പോലും പാലിക്കാറില്ല. ഭീമമായ തുകകൾ ബജറ്റിലുള്ളതിലേറെ ചിലവാക്കുകയും ഒരു വിശദീകരണം പോലും ബജറ്റു പാസ്സാക്കിയ സമിതിക്കു നൽകാതിരിക്കുകയും ചെയ്യുന്നത് സമ്പത്തു കൈകാര്യം ചെയ്യുന്നതിലെ സമ്പ്രദായങ്ങളുടെ ഇല്ലായ്മയാണ് കാണിക്കുന്നത്.

മെത്രാപ്പോലീത്താമാർക്ക് സ്വകാര്യ സമ്പാദ്യങ്ങൾ ഉണ്ടാകാമോ എന്നതിനെപ്പറ്റി രണ്ടഭിപ്രായമുണ്ടാവാനിടയില്ല. സന്യാസം സ്വീകരിക്കുന്നതിനു മുൻപ് (അതായത് റമ്പാൻ സ്ഥാനത്തേക്ക് അഭിഷേകം ചെയ്യുന്നതിനു മുമ്പ്) കുടുംബസ്വത്തിന്റെ വിഹിതമായും സ്വയാർജ്ജിതമായുമുള്ള സമ്പാദ്യങ്ങൾ സഭക്ക് നല്കി അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സന്യാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കു വിധേയരാകേണ്ടവരാണ് മെത്രാപ്പോലീത്തന്മാർ. ഈ തത്വങ്ങൾ പാലിച്ചിട്ടുള്ള പലരും ഉണ്ടായിരുന്നു. ഒരു ചെറിയ ന്യൂനപക്ഷം ഇന്നുമുണ്ട്. അവർ കാണിച്ച മാതൃക അത്യന്തം ശ്ലാഘനീയവുമാണ്. എന്നാൽ ഇന്നുള്ള ബഹുഭൂരിപക്ഷവും ഇപ്രകാരമല്ല പ്രവർത്തിക്കുന്നത് എന്നതും ഒരു വസ്തുതയാണ്. എന്നു തന്നെയല്ല, ആദ്യത്തെ വിഭാഗത്തിന് അതിവേഗം വംശനാശം വന്നുകൊണ്ടിരിക്കയുമാണ്.

*(ശേഷം 7-ാം പേജിൽ)*

**ALMAYAVEDI**

**Post Box No. 652, Kottayam 686 001**

**EDITORIAL BOARD**

1. **M. Kurian Thomas** - Secretary
2. **Babu Vettuvelil**
3. **Kurian P. Kurian**
4. **Philip Kuruvilla**
5. **Philipose Pottakkavayalil**
6. **Jacob Chempla**
7. **James Pampady**
8. **Joice Thottackad** (Co-ordinator Web Edition)

**Ex - Officio Members**

**K. V. Abraham Koduvath** (President)
**Capt. Koshy Mathai** (Vice President)
**Thomas Chandy** (Secretary)
**Thomas Kochery** (Treasurer)

# ഇളംകുളം സെന്റ് ഗ്രീഗോറിയോസ് പള്ളി വികാരിക്ക് പോലീസ് സംരക്ഷണം

എറണാകുളം ഹൈക്കോടതിയിൽ ഇളംകുളം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി നൽകിയ WP (c) No. 9761 of 2006 കേസിൽ ബഹു. ജസ്റ്റീസ് എം. രാമചന്ദ്രനും ജസ്റ്റീസ് പി. ആർ. രാമനുമടങ്ങിയ ഡിവിഷൻ ബഞ്ച് 31-3-2006 ന് പ്രസ്താവിച്ച ഉത്തരവിലാണ് വികാരി ഫാ. മാത്യൂസ് പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായ്ക്കു പരാതിയുണ്ടെങ്കിൽ പോലീസ് ഇടപെട്ടു സമാധാനം പാലിക്കണമെന്ന നിർദ്ദേശം നൽകിയിരിക്കുന്നത്.

മാത്രമല്ല, ഒരു ഇടക്കാല പരിപാടി എന്ന നിലയിൽ ബഹു. ഡിസ്ട്രിക്ട് കളക്ടറുടെ മുമ്പാകെ 24-3-2006 - ൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ രണ്ടു കൂട്ടരും അനുസരിക്കേണ്ടതാണ് എന്നും ഓർഡറിൽ പറയുന്നു.

മൂന്നു മുതൽ എട്ടു വരെയുള്ള എതിർകക്ഷികളായ മേരി ബഞ്ചമിൻ, പി. വി. ബഞ്ചമിൻ, മാത്യു വരയന്തൂർ, ഏലിയാസ് പി. വറുഗീസ്, ചെറിയാൻ കോര, ബാബു മാത്യു എന്നിവർക്ക് നോട്ടീസയക്കുവാനും കോടതി ഉത്തരവിട്ടു.

24-3-06-ൽ എറണാകുളം ഡിസ്ട്രിക്ട് കളക്ടർ വിളിച്ചുകൂട്ടിയ ഒത്തുതീർപ്പുയോഗത്തിലെ തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഇടവക മെത്രാപ്പോലീത്തായുടെ 11-3-2006 ലെ കൽപനപ്രകാരം സ്ഥാപിച്ച ഇളംകുളം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് പ്രഖ്യാപനം എല്ലാവരും അംഗീകരിക്കുന്നു.

2. ഫാ. മാത്യു പുളിമൂട്ടിലിനെ മേൽപടി ഇടവക വികാരിയായി നിയമിച്ച മെത്രാപ്പോലീത്തായുടെ കൽപ്പന അംഗീകരിക്കുന്നു.

3. ഇളംകുളത്തെ മേൽപടി ആരാധനാലയത്തിൽ ഈ വിഭാഗങ്ങൾക്കു കുർബ്ബാന നടത്തുവാനും മറ്റു കർമ്മങ്ങൾ അവരവരുടെ വൈദികരുടെ കാർമ്മികത്വത്തിൽ നടത്തുവാനും അവകാശമുണ്ടായിരിക്കും.

4. ഇപ്രകാരമൊരു തീരുമാനമെടുത്തത് മേൽപറഞ്ഞ ഇടവകയുടെ സ്ഥാനം സംബന്ധിച്ച് നിലനിൽക്കുന്ന തർക്കത്തെ തുടർന്നാണ്.

5. കുർബ്ബാന നടത്തുവാനുള്ള സമയക്രമം ഓരോ ആഴ്ച തോറും റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കണം.

6. കഷ്ടാനുഭവാഴ്ച ആചരണത്തിന്റെ വേളയിൽ ഓശാന ഞായറാഴ്ച ഒരു കുർബാനയും ദുഃഖവെള്ളി, ദുഃഖശനി എന്നീ ദിവസങ്ങളിൽ ഓരോ കുർബാനയും ഈസ്റ്ററിന് ഒരു കുർബാനയും ഉണ്ടായിരിക്കും. ദുഃഖവെള്ളിയാഴ്ചത്തെ ക്രമങ്ങൾ ഇളംകുളം പള്ളിയും ദുഃഖശനിയാഴ്ചയിലെ കുർബാന സെന്റ് മേരീസ് പള്ളിയും നടത്തും. പെസഹാ വ്യാഴാഴ്ചയിലെ സർവീസ് ബുധനാഴ്ച വൈകുന്നേരം സെന്റ് മേരീസ് പള്ളിയും വ്യാഴാഴ്ച വെളുപ്പിന് ഇളംകുളം പള്ളിയും നടത്തും.

7. അതത് വിഭാഗങ്ങൾ സർവീസുകൾ അർപ്പിക്കുമ്പോൾ അതത് വിഭാഗങ്ങൾ തളിക വെയ്ക്കുന്നതും ആയതിൽ കിട്ടുന്ന വരുമാനം അതത് വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതുമായിരിക്കും.

8. ആരാധനാലയത്തിന്റെ താക്കോൽ സെന്റ് മേരീസ് പള്ളി ഏർപ്പാടു ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാരന്റെ കൈവശം ഉണ്ടായിരിക്കും. മേൽപടി ജീവനക്കാരൻ സദാസമയവും മേൽപടി ആരാധനാലയത്തിന്റെ കോ മ്പൗണ്ടിൽ ഉണ്ടായിരിക്കണം.

9. മേൽവിവരിച്ച തീരുമാനങ്ങൾ എല്ലാം അതാത് കാലത്തെ കോടതിവിധിയ്ക്കു വിധേയമായിരിക്കും.

10. മേൽപറഞ്ഞ തീരുമാനങ്ങൾ എല്ലാം ഇരുവിഭാഗങ്ങളും ചർച്ച ചെയ്തു അംഗീകരിച്ചിട്ടുള്ളതും ഈ തീരുമാനങ്ങൾ ശിരസ്സാ വഹിച്ചു നടപ്പിലാക്കാമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളതുമാണ്.

ഇളംകുളം സെന്റ് ഗ്രീഗോറിയോസ് പള്ളിക്കുവേണ്ടി വികാരി പുളിമൂട്ടിൽ മാത്യു കോർ എപ്പിസ്കോപ്പായും വള്ളക്കാലിൽ വി. ഐ. ജേക്കബും ഒപ്പിട്ടപ്പോൾ സെന്റ് മേരീസ് കത്ത്രീഡലിനു വേണ്ടി ട്രസ്റ്റി ബാബു മാത്യുവും സെക്രട്ടറി സി. എ. ജോർജും ഒപ്പിട്ടു. മദ്ധ്യസ്ഥന്മാരായി ഡിസ്ട്രിക്ട് കളക്ടറും, സിറ്റി പോലീസ് കമ്മീഷണറും റൂറൽ എസ്. പി. ആലുവായും ഒപ്പുവച്ചു.

12-3-06 ൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ 16/06 നമ്പർ കല്പനപ്രകാരം ഇളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ 'സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്' എന്ന പേരിൽ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തുകയും പുളിമൂട്ടിൽ ഫാ. മാത്യൂസ് കോർഎപ്പിസ്കോപ്പായെ അവിടുത്തെ വികാരിയായി നിയമിക്കുകയും ചെയ്തു.

ഈ കല്പനയെ ചോദ്യം ചെയ്ത് എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിലെ ഏതാനും അംഗങ്ങളും ട്രസ്റ്റിയും നാലിൽപരം കേസുകൾ എറണാകുളത്തെ വിവിധ കോടതികളിലായി ഫയൽ ചെയ്യുകയുണ്ടായി. ഒ. എസ്. 115/06 എറണാകുളം സബ് കോടതിയിൽ എം. ഐസക് അഭിവന്ദ്യ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ, അഭിവന്ദ്യ സക്കറിയാ മാർ അന്തോണിയോസ് എന്നിവരെ പ്രതികളാക്കി, സെ ന്റ് മേരീസ് ട്രസ്റ്റി കെ. ബാബു മാത്യുവും 14-2-06 ൽ ആദ്യത്തെ കേസ് ഫയൽ ചെ യ്തു. ഈ കേസ് 10-4-2006 ൽ പോസ്റ്റ് ചെയ്തിരിക്കുകയാണ്. ഈ കേസിൽ ഇൻജക്ഷൻ ഓർഡർ കിട്ടാഞ്ഞതിനാൽ എം. സി. പൗലോസും, തോമസ് വറുഗീസ് പനയ്ക്കാമറ്റവും ചേർന്നു മുൻസിഫ് കോടതിയിൽ 237/06 നമ്പറായി അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ്, പ. കാതോലിക്കാ ബാ വാതിരുമേനി, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നിവരെ പ്രതികളാക്കി കേസ് ഫയൽ ചെയ്തെങ്കിലും അതിനും ഇൻജക്ഷൻ ഓർഡർ കിട്ടിയിട്ടില്ല. ഈ കേസ് 10-4-06 ലേക്ക് പോസ്റ്റു ചെയ്തിരിക്കുകയാണ്.

ഇതിനെ തുടർന്ന് സെന്റ് മേരീസ് കത്ത്രീഡലിനു വേണ്ടി ട്രസ്റ്റി ബാബു മാത്യു WP (c) No. 8185/06 ഹൈക്കോർട്ടിൽ ഫയൽ ചെയ്തെങ്കിലും ബഹു. കോടതി കേസ് തള്ളാൻ തുടങ്ങിയപ്പോൾ പിൻവലിക്കുകയാണുണ്ടായത്.

22-3-06 ൽ ചെറിയാൻ കോര, ഏലിയാസ് പി. വറുഗീസ്, ഏബ്രഹാം ജി. കാറ്റാടി എന്നീ കത്തീഡ്രൽ അംഗങ്ങൾ ചേർന്ന് 05389/06 -ാം നമ്പറായി ഫാ. ഏബ്രഹാം എടമ്പാടം, ബാബു മാത്യു, സക്കറിയാ മാർ അന്തോണിയോസ്, മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ എന്നിവരെ പ്രതികളാക്കി എറണാകുളം മുൻസിഫ് കോർട്ടിൽ കേസ് ഫയൽ ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്തായുടെ 16/06 കല്പന താൽക്കാലികമായി നിരോധിക്കണമെന്ന് അപേക്ഷിച്ച് ഐ/2977/06 -ഉം ഫയൽ ചെയ്തു. 25/3/06 ൽ ഈ ഐ തള്ളിക്കൊണ്ടു കോടതി ഉത്തരവ് പുറപ്പെടുവിച്ചു.

## മട്ടാഞ്ചേരി സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വി. ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുനാൾ

മട്ടാഞ്ചേരി: മലങ്കരയിലെ ചരിത്രപ്രസിദ്ധവും, പൗരാണികവും കൊച്ചിയിലെ ഓർത്തഡോക്സ് പള്ളിയുടെ തലപ്പള്ളിയുമായ മട്ടാഞ്ചേരി സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ (സ്ഥാപിതം 1751 A.D) വിശുദ്ധ ഗീവറുഗീസ് സഹദായുടെ ഓർമ്മപ്പെരുനാൾ ഏപ്രിൽ 28-ാം തീയതി വെള്ളിയാഴ്ച കൊടി കയറി മെയ് 6, 7 തീയതികളിൽ നടക്കും. പെരുനാൾ ചടങ്ങുകൾക്ക് ഡോ: യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മുഖ്യ കാർമ്മികത്വം വഹിക്കും. മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികളുടെ പഴയ പാരമ്പര്യങ്ങൾ നിലനിർത്തുവാൻ 6-ാം തീയതി ശനിയാഴ്ച വൈകിട്ട് 3.30 ന് ഫോർട്ടുകൊച്ചി സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് സുറിയാനിപള്ളിയിൽ നിന്നും സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനിപള്ളി കൽകുരിശിങ്കലേക്ക് ഡോ: യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന് സ്വീകരണം നൽകും.

# പഴയ സെമിനാരിയിൽ ഭരണമാറ്റം

കോട്ടയം: പഴയസെമിനാരി മാനേജരായി പാമ്പാക്കുട വലിയപള്ളി ഇടവകാംഗം ഫാ. എം. സി. കുറിയാക്കോസിനെ പ. കാതോലിക്കാബാവാ ഏപ്രിൽ 1 മുതൽ നിയമിച്ചു. മുൻ മാനേജർ ഫാ. കെ. വി. ജോസഫിന് പരുമല സെമിനാരിയിലെ ധ്യാനമന്ദിരത്തിന്റെ ചുമതല നൽകിയിട്ടുണ്ട്.

സെമിനാരി വസ്തുക്കളുടെ കാര്യക്ഷമമായ ഉപയോഗത്തിന് മുൻതൂക്കം നൽകുക എന്നതാണ് പുതിയ മാനേജരുടെ പ്രധാന കർത്തവ്യം. സെമിനാരി വസ്തുവകകളുടെ ശരിയായ വിനിയോഗത്തിലൂടെത്തന്നെ സെമിനാരിയിലെ നിത്യചിലവിനത്തിൽ സ്വയംപര്യാപ്തതിയിലെത്തിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ.

സെമിനാരി മുൻ മാനേജർമാർക്കുണ്ടായിരുന്ന പഴയസെമിനാരിയുടെ ചാപ്ലെൻ സ്ഥാനം പുതിയ മാനേജർക്ക് നൽകിയിട്ടില്ല. സെമിനാരി അദ്ധ്യാപകനായ ഫാ. ഡോ. ജോൺ പണിക്കരാണ് സെമിനാരിയുടെ പുതിയ ചാപ്ലെൻ. മാനേജരെ അസിസ്റ്റന്റ് ചാപ്ലെനായി നിയമിച്ചിട്ടുണ്ട്. പഴയസെമിനാരിയുടെ സാമ്പത്തിക കാര്യത്തിൽ പൂർണ്ണമായും ശ്രദ്ധിക്കാൻ മാനേജർക്ക് ഇതുമൂലം സാധിക്കും എന്നാണ് നിഗമനം.

എന്നാൽ ഭീമമായ സാമ്പത്തിക അഴിമതിയാരോപണങ്ങൾക്കു വിധേയമായ സെമിനാരി മെയിന്റനൻസ്, മെസ്അഡ്വൈസർ, ബുക്ക്ഷോപ്പ് മാനേജർ എന്നീ ചുമതലകൾ പുതിയ മാനേജർക്ക് നൽകിയിട്ടില്ല. ഇവ വർഷങ്ങളായി കൈവശം വച്ചുകൊണ്ടിരിക്കുന്ന വൈദികൻ തന്റെ സ്ഥാനം നിലനിർത്തിയതായാണ് സൂചന. ഈ തസ്തികകൾ നിർത്തൽ ചെയ്ത് അവ കൂടി മാനേജരിൽ ലയിച്ചാൽ മാത്രമേ പുതിയ നടപടി വിജയിക്കൂ എന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

# അവിസ്മരണീയമായ ഒരു തീർത്ഥയാത്ര

## മോളി വർഗീസ്, പാമ്പാടി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പാമ്പാടിയിൽ വച്ച് ജനുവരി 8-ാം തീയതി നടത്തിയ കൂനൻകുരിശു സത്യം അനുസ്മരണ സെമിനാറിനെപ്പറ്റി ബന്ധുമിത്രാദികളിൽ നിന്നും മനസ്സിലാക്കിയപ്പോൾ മുതൽ ഈ ചരിത്രസംഭവത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാനുള്ള ആഗ്രഹം മനസ്സിലുണ്ടായിരുന്നു. ഏപ്രിൽ 2-ാം തീയതി കാതോലിക്കാദിനപ്രതിജ്ഞ എടുക്കുവാൻവേണ്ടി അൽമായവേദി കൂനൻ കുരിശിലേക്ക് ഒരു തീർത്ഥയാത്ര സംഘടിപ്പിക്കുന്ന വിവരമറിഞ്ഞപ്പോൾ വളരെ സന്തോഷിച്ചു. തീർത്ഥയാത്രാ സംഘത്തിൽ സ്ത്രീകളേയുൾപ്പെടുത്താമെന്ന് സംഘാടകർ അറിയിച്ചപ്പോൾ ഏറെ ഉത്സാഹത്തോടെ പേര് രജിസ്റ്റർ ചെയ്തു.

ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച രാവിലെ 7 മണിക്ക് കോട്ടയം നാഗമ്പടം റെയിൽവേ സ്റ്റേഷന് സമീപത്തു നിന്നും തീർത്ഥാടക സംഘത്തോടൊത്തു ചേരുമ്പോൾ ഇത്രയേറെ കാര്യക്ഷമമായും അവിസ്മരണീയവുമായ ഒരു അനുഭവമാക്കിത്തീർക്കുവാൻ സംഘാടകർക്ക് സാധിക്കുമെന്നു വിചാരിച്ചില്ല. ദൂരസ്ഥലങ്ങളിൽ നിന്നുള്ള തീർത്ഥാടകരിൽ ചിലർ വന്നെത്തുവാൻ താമസിച്ചതു മൂലം 8 മണിയോടെ മാത്രമേ പുറപ്പെടുവാൻ സാധിച്ചുള്ളു എങ്കിലും പിന്നീടുള്ള എല്ലാ കാര്യങ്ങളും വളരെ കൃത്യമായി നടന്നു. അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത്, ട്രഷറർ തോമസ്



അൽമായവേദി പ്രവർത്തകർ കൂനൻകുരിശ് സ്മാരക കുരിശിൽ കാതോലിക്കാദിന പ്രതിജ്ഞ എടുക്കുന്നു.

കൊച്ചേരി, ഓർഗനൈസിംഗ് സെക്രട്ടറിമാരായ പീലിപ്പോസ് പോട്ടയ്ക്കാവയലിൽ ജയിംസ് പാമ്പാടി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

യാത്രയുടെ ഒന്നാമത്തെ ലക്ഷ്യസ്ഥാനമായ മട്ടാഞ്ചേരി സെന്റ് ജോർജ് പള്ളിയുടെ ചരിത്രം ബസ്സിലെ പബ്ലിക്ക് അഡ്രസ് സിസ്റ്റത്തിലൂടെ ചരിത്രകാരനായ എം. കുര്യൻ തോമസ് നൽകിയത് വളരെ പ്രയോജനകരമായി അനുഭവപ്പെട്ടു. വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെടുന്ന ആറാം മാർത്തോമ്മായുടെ കാലത്ത് മലങ്കരയിലെത്തിയ ശക്രള്ളാ മാർ ബസ്സേലിയോസ് മഫ്രിയാനായ്ക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി പള്ളികളുടെ ചരിത്രം എം. കുര്യൻ തോമസ് വിശദമായി പ്രതിപാദിച്ചു. തീർത്ഥാടകരുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങൾ നൽകുവാൻ അദ്ദേഹത്തിനും സെക്രട്ടറി തോമസ് ചാണ്ടിക്കും കഴിഞ്ഞു. ചോദ്യോത്തരവേള സാവധാനം സഭാചരിത്രപരമായും വിശ്വാസപരവുമായ കാര്യങ്ങളെക്കുറിച്ചുള്ള ആഴമേറിയ ചർച്ചയ്ക്ക് വഴി തുറന്നു. നെസ്തോറിയനിസം, കാതോലിക്കേറ്റും മഫ്രിയാനാസ്ഥാനവും തമ്മിലുള്ള വ്യത്യാസം, കൂനൻ കുരിശ് സത്യത്തിനു മുൻപുള്ള സഭയുടെ വിശ്വാസപാരമ്പര്യം എന്നിങ്ങനെ വളരെ ആഴമേറിയ ഒരു പഠന ക്ലാസ്സായി ബസ്സിനകം രൂപപ്പെടുകയായിരുന്നു. നോട്ടെഴുതുവാൻ ഒരു ബുക്കും പേനയും എടുക്കേണ്ടതായിരുന്നു എന്നത് ഒരു ദുഃഖമായി അവശേഷിച്ചു. ഉദയംപേരൂർ സുന്നഹദോസ് നടന്നതായി വിശ്വസിക്കപ്പെടുന്ന ഇപ്പോൾ കത്തോലിക്കാസഭയുടെ അധീനതയിലുള്ള പള്ളിയുടെ മുന്നിൽ നിർത്തിയശേഷം മുന്നോട്ടുള്ള പ്രയാണത്തിൽ ഉദയംപേരൂർ സുന്നഹദോസിനെപ്പറ്റിയുള്ള ചർച്ച തുടർന്നു. രണ്ടു മണിക്കൂറോളം നീണ്ട യാത്രയിൽ സഭാചരിത്രത്തെപ്പറ്റിയുള്ള ഗഹനമായ ഒരു ഉൾക്കാഴ്ച ലഭിച്ചു എന്നത് ഒരു വലിയ നേട്ടമായി.

മട്ടാഞ്ചേരിയിൽ കുർബ്ബാനയുടെ അവസാന ഭാഗത്തെങ്കിലും എത്തിച്ചേരാൻ സാധിച്ചത് ഭാഗ്യമായി. കുർബ്ബാനാനന്തരം പള്ളിയിലുണ്ടായിരുന്ന വിശ്വാസികളും തീർത്ഥാടകരുമൊന്നിച്ച് കൽക്കുരിശിന്റെ ചുവട്ടിൽ അണിനിരന്നു. കൽക്കുരിശിൽ തൊട്ടു നിന്നുകൊണ്ട് കാതോലിക്കാ ദിന പ്രതിജ്ഞയെടുത്തത് ഒരു വലിയ അനുഭവമായിത്തീർന്നു. മൂന്നര നൂറ്റാണ്ടുകൾക്കു മുൻപ് നമ്മുടെ പൂർവ്വികർ ഏതു മണ്ണിൽ ചവിട്ടിനിന്നു കൊണ്ട് കൂനൻകുരിശു സത്യം ചെയ്തുവോ അതിനു ഒരു വിളിപ്പാടിനുള്ളിലുള്ള പാവനഭൂമിയിൽ നിന്ന് കൂനൻകുരിശുസത്യത്തിന്റെ അടുത്ത ചുവടുവ യ്പായ കാതോലിക്കാ ദിന പ്രതിജ്ഞയെടുക്കുമ്പോൾ അഭിമാനപുളകിതരാകുവാൻ കഴിയാത്ത ഒരു നസ്രാണിയും ഉണ്ടാവില്ല. ആ ആത്മനിർവൃതി അനുഭവിച്ചവർക്കു മാത്രമേ മനസ്സിലാവുകയുള്ളു.

തുടർന്ന് പ്രഭാത ഭക്ഷണത്തിനു ശേഷം നടന്ന സഭാചരിത്ര സെമിനാറിൽ എം. കുര്യൻ തോമസ്, തോമസ് ചാണ്ടി എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. മലങ്കര നസ്രാണിയുടെ തനത് പൈതൃകങ്ങളോടുള്ള പ്രതിബദ്ധതയും അവ നിലനിർത്തുവാനുള്ള നിശ്ചയദാർഢ്യവുമാണ് കൂനൻകുരിശു സത്യത്തിന്റെ അടിസ്ഥാനമെന്ന് കുര്യൻ തോമസ് സ്ഥാപിച്ചു. പോർച്ചുഗീസ് നുക ത്തിനു കീഴിൽ മറ്റു മാർഗ്ഗങ്ങളില്ലാതെ കീഴട ങ്ങിയ ഒരു സമൂഹം മോചനത്തിനുള്ള മാർഗ്ഗം തുറന്നുകിട്ടിയപ്പോൾ ആ മാർഗ്ഗം തിരഞ്ഞെടുക്കുകയായിരുന്നു. ഭാരതീയ ജീവിതശൈലിയിലും പശ്ചാത്തലത്തിലും അടിസ്ഥാന ക്രിസ്തീയ വിശ്വാസം സന്നിവേശിപ്പിച്ച തനത് ജീവിതശൈലി ഈ സമൂഹത്തിന് സ്വന്തമായിരുന്നു. ഈ സമൂഹത്തിന്റെ ജീവിതരീതിയുടെ അടിസ്ഥാനങ്ങൾ പിഴുതെറിയാൻ പറങ്കികൾ നടത്തിയ ശ്രമത്തെ ചെറുത്തുതോല്പിച്ചതിന്റെ ഇതിഹാ സമാണ് കൂനൻകുരിശു സത്യം. കൂനൻകുരിശു സത്യം ചെയ്ത ജനുവരി 4-ാം തീയതി സഭയുടെ സ്വാതന്ത്ര്യദിനമായും കാതോലിക്കാ ദിനമായ 36-ാം ഞായറാഴ്ച സഭയുടെ റിപ്പബ്ലിക്

(ശേഷം 7-ാം പേജിൽ)

# സഭാസമിതികളും പ്രഗല്ഭരുടെ സാന്നിദ്ധ്യവും

### കെ. വി. ഏബ്രഹാം, കൊടുവത്ത് (പ്രസിഡണ്ട്, അൽമായവേദി)

മലങ്കര സഭാംഗങ്ങൾ പലരും പലതിനും സഭാനേതൃത്വത്തെ കുറ്റപ്പെടുത്തുന്നു. അത്മായരും വൈദികരും മാത്രമല്ല, മെത്രാന്മാരും സഭാനേതൃത്വത്തിനെതിരെ ആരോപണങ്ങൾ നിരത്തുന്നു. ഒന്നു ചോദിക്കട്ടെ, ആരാണ് സഭാനേതൃത്വം?

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സഭാഭരണത്തിന്റെ പ്രധാന ഭാരവാഹിത്വം, സഭാഭരണ ഘടനയ്ക്കു വിധേയമായി നിക്ഷിപ്തമായിട്ടുള്ളത് മലങ്കര മെത്രാപ്പോലീത്തായിലാണ് (സഭാഭരണ ഘടന: വകുപ്പ്-94). സഭാഭരണഘടനയുടെ 66-ാം വകുപ്പുപ്രകാരം ഇടവക മെത്രാപ്പോലീത്താമാർ അവരുടെ ഇടവകകളെ സംബന്ധിച്ചിടത്തോളം മലങ്കര മെത്രാപ്പോലിത്തായുടെ മേൽനോട്ടത്തിലാണ് ഭരണം നടത്തുന്നത്.

എന്നാൽ, മലങ്കരസഭയിൽ സജീവ അധികാരങ്ങളുള്ള സഭയുടെ പരമോന്നത അധികാര കേന്ദ്രം എപ്പിസ്കോപ്പൽ സുന്നഹദോസാണ്. സഭയിലെ മെത്രാന്മാരുടെ യോഗമാണ് എപ്പിസ്കോപ്പൽ സുന്നഹദോസ്. കാതോലിക്കോസാണ് സുന്നഹദോസ് അദ്ധ്യക്ഷൻ. മലങ്കരസഭയുടെ വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ ഇവ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുവാനുള്ള അധികാരം എപ്പിസ്കോപ്പൽ സുന്നഹദോസിനു മാത്രമാണ് (ഭരണഘടന വകുപ്പ് - 107). ആണ്ടിൽ രണ്ടു തവണ ഉപദേശത്തിനും സഭാസംബന്ധമായ തർക്കങ്ങളുടെ തീരുമാനത്തിനുമായി എപ്പിസ്കോപ്പൽ സുന്നഹദോസ് കൂടണമെന്ന് സഭ അംഗീകരിച്ചിട്ടുള്ള ഹൂദായ കാനോൻ നിഷ്കർഷിക്കുന്നു.

കാതോലിക്കേറ്റിന്റെ ആവിർഭാവത്തോടെ (1912) മലങ്കര സഭയുടെ ആത്മീയ പരമാദ്ധ്യക്ഷപദവി കാതോലിക്കോസിൽ വന്നു ചേർന്നു. സഭാഭരണ ഘടനയുടെ വിധാതാക്കൾ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കോസും ഒരു വ്യക്തി തന്നെയാകുന്നതാണ് അഭികാമ്യമെന്ന് വ്യവസ്ഥ ചെയ്തു.

മുളന്തുരുത്തി സുന്നഹദോസ് പ്രഖ്യാപിച്ചു നല്കിയ സമുന്നത സ്ഥാനം 1934-ലെ സഭാഭരണഘടന മാനേജിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല. സഭവക വരവു ചിലവു കണക്കുകളുടെ നിയന്ത്രണം മാത്രമാണ് മാനേജിംഗ് കമ്മിറ്റിക്ക് സഭാഭരണ ഘടന നല്കിയിട്ടുള്ളത്. വർക്കിംഗ് കമ്മിറ്റിയാണ്, സഭാഭരണഘടനയിൽ നിർണ്ണായക സ്ഥാനം നല്കിയിട്ടുള്ള മറ്റൊരു സമിതി. മലങ്കര മെത്രാപ്പോലീത്തായുടെ ആലോചനാസമിതി കൂടിയാണിത്. സുന്നഹദോസ് തെര ഞ്ഞെടുക്കുന്ന ഒരു മെത്രാപ്പോലിത്തായും അത്മായ - വൈദിക ട്രസ്റ്റിമാരും മലങ്കര അസോസിയേഷൻ സെക്രട്ടറിയും (സഭാ സെക്രട്ടറി എന്നൊരു സ്ഥാനം ഭരണഘടനയിലില്ല) വർക്കിംഗ് കമ്മിറ്റി അംഗങ്ങളാണ്. മറ്റുള്ള അംഗങ്ങളെ മലങ്കര മെത്രാപ്പോലീത്താ നിയമിക്കുന്നു.

സഭയിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ എന്തെല്ലാമുണ്ടെങ്കിലും നിർണ്ണായക തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് കാതോലിക്കോസ് മലങ്കര മെത്രാപ്പോലിത്താ തനിച്ചാണ്. ഇതാണ് സഭാപാരമ്പര്യവും. മുളന്തുരുത്തി സുന്നഹദോസിനു ശേഷമുള്ള മലങ്കര മെത്രാപ്പോലീത്താമാർ ശക്തന്മാരായ ഭരണാധിപന്മാരായിരുന്നു. സഭാംഗങ്ങളുടെയാകെ അംഗീകാരം ലഭിക്കാൻ പോന്ന ഔന്നത്യവും തേജസ്സുമുള്ളവരായിരുന്നു ഇവർ. ഭരണഘടന, സഭാദ്ധ്യക്ഷന്റെ ആർജ്ജവം ഉറപ്പിക്കുകയും ചെയ്തു.

കാതോലിക്കോസിന്റേയും മലങ്കര മെത്രാപ്പോലീത്തായുടെയും മേൽനോട്ടാധികാരത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഇടവക മെത്രാപ്പോലീത്താമാർ, അവരുടെ ഭദ്രാസനങ്ങളെ സ്വതന്ത്ര സാമ്രാജ്യങ്ങളായി കാണുന്നു എന്നതാണ് സഭയുടെ ഇന്നത്തെ ഏറ്റവും വലിയ ശാപം. മലങ്കര മെത്രാപ്പോലീത്തായുടെ പ്രതിപുരുഷന്മാരായി മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പുരോഹിത ശ്രേഷ്ഠന്മാർ തങ്ങൾക്കു ലഭിച്ചിട്ടുള്ള അധികാരം അനിയന്ത്രിതമാണെന്ന് സ്വയം കല്പിക്കുന്നു.

'വ്യക്തിഗതമായ' നേട്ടങ്ങൾക്കുവേണ്ടി നിലയുറപ്പിക്കുന്ന മെത്രാന്മാർ ഭദ്രാസനങ്ങളെ ഒരൊറ്റ സഭാഗാത്രത്തിന്റെ അംശങ്ങളായി കാണുവാൻ തയ്യാറാകുന്നില്ല.

മുൻകാലങ്ങളിൽ ശ്രേഷ്ഠപുരോഹിതന്മാരുടെ കരുണയും കാരുണ്യവും കൊണ്ട് സഭാംഗങ്ങളിൽ പലരും ഔന്നത്യം കൈവരിച്ചു. ഇത്തരം ആളുകളിൽ നിന്ന് സഭക്കും നേട്ടങ്ങൾ ലഭ്യമായി. എന്നാൽ ഇന്ന് 'വ്യക്തി'ഗത നേട്ടങ്ങൾ പിടിച്ചു വാങ്ങാനല്ലാതെ സഭാംഗങ്ങൾക്ക് 'കരുണയും കാരുണ്യവും' വർഷിക്കുന്നതിനെപ്പറ്റി ശ്രേഷ്ഠ പുരോഹിതന്മാർ ചിന്തിക്കുന്നതേയില്ല. ഇതാണ് മലങ്കരസഭയുടെ മറ്റൊരു ദുർവ്വിധി.

പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ സഭയെ നയിച്ച വട്ടശ്ശേരിൽ തിരുമേനിയ്ക്കും ഒന്നാം സമുദായക്കേസിലൂടെ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്കും സഭയുടെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ ധീരനേതൃത്വം നൽകിയ ഔഗേൻ പ്രഥമൻ ബാവായ്ക്കും മലങ്കരസഭയുടെ കരുത്തും പ്രതാപവും അവിഘ്നം ഉയർത്തിയ മാത്യൂസ് പ്രഥമൻ ബാവായ്ക്കും സഭാനൗകയെ ലക്ഷ്യത്തിലേയ്ക്ക് നയിക്കുവാൻ സാധിച്ചു. ഇവരുടെ ശക്തിയും വീര്യവും വിവിധ രംഗങ്ങളിൽ പ്രശോഭിച്ച അത്മായ - വൈദിക പ്രമുഖരുടെ അചഞ്ചലമായ പിന്തുണയാണ്. ഇന്ന് സഭയ്ക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതും ഇതാണ്.

സ്തുതിപാഠകരുടെയും സ്വാർത്ഥ താല്പര്യത്തിനായി സ്വന്തം സഭയെപ്പോലും ഒറ്റിക്കൊടുക്കുവാൻ മടിയില്ലാത്തവരായ സ്ഥാനമോഹികളുടെയും നടുവിൽ നിന്ന് അധിപന്മാർ സഭയെ നയിച്ചാൽ സഭാനൗക തകർന്നടിയും.

തക്കസമയത്ത് തീരുമാനങ്ങൾ കൈക്കൊള്ളാതിരിക്കയും തീരുമാനങ്ങളിൽ സ്ഥിരതയില്ലാതാകുകയും ചെയ്താൽ സഭാംഗങ്ങൾക്ക് സഭയോടുള്ള ഭക്തി കുറയും. സുതാര്യതയില്ലായ്മയും ഗൂഢലക്ഷ്യങ്ങളും സഭയുടെ ശക്തി ക്ഷയിപ്പിക്കും. അർഹതയും യോഗ്യതയുമില്ലാത്തവർ സഭയുടെ സമിതികളിലെത്തിയാൽ പിന്നാലെ വരുന്നവർ അധമന്മാരാകും; 'വോട്ടുപിടുത്തക്കാർ' മാത്രം സഭാ സമിതികളിൽ കയറിക്കൂടും.

മലങ്കരസഭയെ ഒന്നായിക്കാണുന്ന സഭാതാല്പര്യം സംരക്ഷിക്കുവാനുള്ള പ്രായോഗികജ്ഞാനം ആർജ്ജിച്ചിട്ടുള്ള, നിസ്വാർത്ഥമതികളുടെ സേവനം ഉറപ്പാക്കാൻ നമുക്കു കഴിയണം. മുൻകാലങ്ങളിൽ ഇത്തരത്തിലുള്ളവരുടെ സേവനം അന്യൂനം സഭയ്ക്കു ലഭിച്ചിരുന്നു. എവിടെ വെച്ചോ നമുക്കതു നഷ്ടപ്പെട്ടു.

സഭയുടെ തെരഞ്ഞെടുക്കപ്പെട്ട സമിതികളിലും കാര്യാലോചനാ സംഘങ്ങളിലും നിസ്വാർത്ഥരായ പ്രഗല്ഭരുടെ സാന്നിദ്ധ്യം സഭയിൽ നവചൈതന്യം പരത്തും; ദിശാബോധമുള്ള സഭാനേതൃത്വം ഇതോടെ ഉദയം ചെയ്യുകയും ചെയ്യും. ❑

## ഓർത്തഡോക്സ് ദളിതർക്ക് സൗജന്യ വിദ്യാഭ്യാസം നൽകണം: അൽമായവേദി

കോട്ടയം: ഓർത്തഡോക്സ് സഭാംഗങ്ങളായ ദളിത് ക്രൈസ്തവരിൽ നിശ്ചിത യോഗ്യതയുള്ളവർക്കെല്ലാം സഭവകയായ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനും സൗജന്യ വിദ്യാഭ്യാസവും നൽകണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആവശ്യപ്പെട്ടു.

പ. പരുമല തിരുമേനി ആരംഭിച്ച വിജാതീയ മിഷൻ, പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്ലീബാദാസ സമൂഹം എന്നിവയിലൂടെ സത്യവിശ്വാസം സ്വീകരിച്ച ദളിത് വിഭാഗക്കാരിൽ ഭൂരിഭാഗവും മറ്റു സഭകളിലേയ്ക്കു മാറിപ്പോയെങ്കിലും ഒരു ന്യൂനപക്ഷം വിശ്വാസതീക്ഷ്ണതയുള്ളവരായി ഓർത്തഡോക്സ് സഭയിൽ നിലനില്ക്കുന്നുണ്ട്. സഭ ഇവർക്കായി യാതൊന്നും ചെയ്യുന്നില്ല എന്ന വസ്തുത കണക്കിലെടുത്താണ് അൽമായവേദി ഈ ആവശ്യമുന്നയിച്ചത്.

2006-07 വിദ്യാഭ്യാസ വർഷം മുതൽ സഭയുടെ മെഡിക്കൽ - എൻജിനിയറിംഗ് കോളജടക്കം എല്ലാ സ്വാശ്രയ/ പ്രൊഫഷണൽ കോഴ്സുകളിലും ഈ വിഭാഗത്തിൽ നിന്നും അർഹരായ അപേക്ഷകർക്ക് അഡ്മിഷൻ നൽകണമെന്നും അവരുടെ പഠനചിലവ് പൂർണമായും സഭ വഹിക്കണമെന്നും അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് പ്രമേയത്തിൽ ആവശ്യപ്പെട്ടു.

## നിയമസഭയിലേയ്ക്കു മത്സരിക്കുന്ന സഭാംഗങ്ങൾ

**സ്ഥാനാർത്ഥിയുടെ പേര്, നിയോജക മണ്ഡലം, ഇടവക, പാർട്ടി എന്ന ക്രമത്തിൽ.**

1. ശോഭനാ ജോർജ്ജ്, (തിരു. വെസ്റ്റ്) ചെങ്ങന്നൂർ പഴയസുറിയാനിപ്പള്ളി, ഡി. ഐ. സി. (കെ)
2. പ്രൊഫ: ഡി. കെ. ജോൺ, (അടൂർ) അടൂർ സെന്റ് മേരീസ്, കേരളാ കോൺഗ്രസ് (ജെ)
3. ജോസഫ് പുതുശ്ശേരി, (കല്ലൂപ്പാറ) കല്ലൂപ്പാറ സെന്റ് മേരീസ്, കേരളാ കോൺഗ്രസ് (എം)
4. ഉമ്മൻ ചാണ്ടി, (പുതുപ്പള്ളി) പുതുപ്പള്ളി വലിയ പള്ളി, കോൺഗ്രസ് (ഐ)
5. ബാബുപോൾ, (മൂവാറ്റുപുഴ) കുന്നക്കുരുടി കത്തീഡ്രൽ, സി. പി. ഐ.
6. എം. ജെ. ജേക്കബ്, (പിറവം), വടകര സെന്റ് ജോൺസ്, സി. പി. ഐ. (എം)
7. അഡ്വ. എം. എം. മോനായി, (കുന്നത്തുനാട്), അയ്യമ്പള്ളി സെന്റ് ജോൺസ്, സി. പി. ഐ. (എം)
8. രാജാജി മാത്യു തോമസ്, (ഒല്ലൂർ), കണ്ണാർ സെന്റ് മേരീസ്, സി. പി. ഐ.
9. എം. എം. വർഗീസ്, (തൃശ്ശൂർ), ചവറാംമ്പാടം സെന്റ് ജോർജ്ജ്, സി. പി. ഐ. (എം)
10. ജോസ് ബേബി, (മണ്ണാർക്കാട്), വെള്ളാപ്പാടം സെന്റ് ജോൺസ്, സി. പി. ഐ.

## വിഘടിത പുത്തൻ കുരിശു സൊസൈറ്റിയുമായി സഹകരിച്ചു നിൽക്കുന്ന സഭാംഗങ്ങൾ

1. റ്റി. എം. ജേക്കബ്, (പിറവം), ആട്ടിൻകുന്ന്, ഡി. ഐ. സി (കെ)
2. സാജു പോൾ, (പെരുമ്പാവൂർ), വേങ്ങൂർ, സി. പി. ഐ. (എം)
3. പി. പി. തങ്കച്ചൻ, (കുന്നത്തുനാട്) പെരുമ്പാവൂർ, കോൺഗ്രസ്സ് (ഐ)
4. റ്റി. യു. കുരുവിള, (കോതമംഗലം) ബഥേൽ സുലോക്കോ കേരളാ. കോൺഗ്രസ്സ് (ജെ)
5. പി. ജെ. പൗലൂസ്, (കോതമംഗലം) കോൺഗ്രസ്സ് (ഐ).

## മെത്രാപ്പോലീത്തായുടെ നേർച്ച

ഡൽഹി ഭദ്രാസനാധിപൻ ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനിയുടെ അരമനയ്ക്കു സമീപം പുല്ലുമേടയിൽ കിടന്ന പാമ്പിനെ അബദ്ധത്തിൽ ചവുട്ടിയ ബാലനും സുഹൃത്തുക്കൾക്കും പാമ്പിന്റെ ശല്യം നിത്യസംഭവമായി. തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ സന്തത സഹചാരിയും വിദ്യാർത്ഥിയുമായ പുതുപ്പള്ളിക്കാരൻ യുവാവ് പാമ്പിന്റെ ശല്യം മാറാൻ പുതുപ്പള്ളി പള്ളിയ്ക്ക് നേർച്ച നേരുന്നത് നല്ലതാണെന്ന് തിരുമനസ്സിനെ ഉണർത്തിച്ചു. തിരുമേനി പുതുപ്പള്ളിയിൽ കുർബാന ചൊല്ലാം എന്നു നേർന്നു. പാമ്പിന്റെ ശല്യം അതോടെ മാറി എന്ന് തിരുമേനി പുതുപ്പള്ളിയിൽ കുർബാന മദ്ധ്യേ പ്രസ്താവിച്ചു.

**പുതുപ്പള്ളി പള്ളിയുടെ പ്രതിമാസ ഭദ്രാസന വിഹിതം കേവലം - 41,000 രൂപ മാത്രം. മറ്റ് പിരിവുകൾ ഇതിനു പുറമേ.**

## അത്മായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ്

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഇ മെയിൽ ഡിസ്ക്കഷൻ ഗ്രൂപ്പ് ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് നവോത്ഥാനപ്രസ്ഥാനം (**Malankara Orthodox Renaissance Movement**) എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഈ ഗ്രൂപ്പിൽ മലങ്കര സഭാംഗങ്ങളായ ആർക്കും അംഗങ്ങളായി ചേരാം. തങ്ങളുടെ അഭിപ്രായങ്ങൾ തുറന്ന് എഴുതുവാനും സംശയങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള അവസരമുണ്ട്.

അൽമായവേദിയുടെ ലക്ഷ്യങ്ങളെയും, ഈ പ്രസ്ഥാനം ഉയർത്തുന്ന ചോദ്യങ്ങളെയും പ്രശ്നങ്ങളെയും കൂടുതൽ ആളുകളുമായി പങ്കിടുവാനും മെത്രാപ്പോലീത്തന്മാർ, അച്ചന്മാർ തുടങ്ങി സമാനമനസ്ക്കരായ വ്യക്തികളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് ഈ പ്രസ്ഥാനത്തെ ചലനാത്മകവും പ്രസക്തവുമാക്കിത്തീർക്കുവാനാണ് ഈ ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

**Group name: Malankara Orthodox Renaissance Movement**
**One may directly become a member of this group by going to http://in.groups.yahoo.com/group/MORM. Or one may write to us at MORM@yahoogroups.co.in or at almayavedi@yahoo.co.in.**

## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി

**കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 0481 –2432507**
**തോമസ് ചാണ്ടി (സെക്രട്ടറി) ഫോൺ: 0481 – 2517406, 3957546, 9847563188**
**തോമസ് കോച്ചേരി (ട്രഷറർ) ഫോൺ: 0481 – 2462553**
**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (ഓർഗനൈസിംഗ് സെക്രട്ടറി)**
**ഫോൺ: 0481 – 2463138**
**ജയിംസ് പാമ്പാടി (ഓർഗസൈനിംഗ് സെക്രട്ടറി) ഫോൺ: 9447706865**

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDI**
**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**
**E-mail: almayavedi@yahoo.co.in**
**Web: www.malankaranazrani.info/Almaya Vedi/almaya.htm**

To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to: **http://in.groups.yahoo.com/group/MORM/**

# പാമ്പും കോഴിനേർച്ചയും

## അബു തോമസ് പുതുപ്പള്ളി

പുതുപ്പള്ളി പള്ളിയിലേക്ക് വിശ്വാസികൾ കോഴിയെ നേർച്ച നൽകുന്നു. പാമ്പിന്റെ ഉപദ്രവത്തിൽ നിന്നു രക്ഷിക്കണേ എന്ന് പുണ്യാളച്ചനോടു ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു.

വിശുദ്ധ ഗീവറുഗീസ് സഹദായെക്കുറിച്ച് ഓർമ്മിക്കുമ്പോൾ തന്നെ മഹാസർപ്പവുമായി പോരാടുന്ന ചിത്രം മനസ്സിൽ തെളിയും. ആ മഹാസർപ്പം പൗരാണികമായ ഒരു കഥയിലെ ഭീകരജന്തു മാത്രമല്ല. "ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമി യിലേയ്ക്കു തള്ളിക്കളഞ്ഞു" (വെളിപാട് 12:9).

മനുഷ്യനെ പ്രലോഭനങ്ങളിലൂടെ തിന്മയിലേക്കും നാശത്തിലേക്കും തള്ളിവിട്ട പിശാച് എന്ന പാമ്പ് ഇന്നും മനുഷ്യവർഗ്ഗത്തെ പിന്തുടരുന്നു. വിശ്വാസത്തിന്റെ പാതയിലൂടെ മുന്നേറുവാൻ കഠിനമായി പരിശ്രമിക്കുമ്പോഴും പാപത്തിലേയ്ക്ക് പിടി ച്ചുവലിക്കുന്നു. നിത്യജീവനിലേക്ക് പോകുവാൻ അനുവദിക്കാതെ നരകയാതനകളിൽ അകപ്പെടുത്തുന്നു.

പുതുപ്പള്ളി പള്ളിയിലേക്ക് നേർച്ചയായി നല്കുന്ന പൂവൻകോഴിയെ തലപ്പൂവൻ എന്നാണ് പറയുന്നത്. കോഴികളിൽ ഒന്നാമൻ, മികച്ചവൻ, ആദ്യജാതൻ എന്നെല്ലാം അതിന് അർത്ഥമുണ്ട്.

മനുഷ്യരാശിയെ നിത്യജീവിതത്തിലേക്ക് നയിക്കുവാൻ ദൈവം തന്റെ ആദ്യജാതനെ ലോകത്തിനു നല്കി. മഹാസർപ്പമായ സാത്താന്റെ പ്രലോഭനങ്ങൾക്ക് വശംവദരായി വീഴ്ചയിൽ പതിച്ച മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി മറുവിലയായി നൽകപ്പെട്ട സ്മരണ ഇവിടെ തെളിയുന്നു.

വിശുദ്ധ ഗീവറുഗീസ് സഹദായുടെ മധ്യസ്ഥതയിൽ വിശ്വസിച്ചുകൊണ്ട് ഒരു കോഴിയെ നേർച്ച നല്കി പാമ്പിന്റെ ഉപദ്രവത്തിൽ നിന്നു രക്ഷിക്കണമേ എന്ന് അപേക്ഷിക്കുമ്പോൾ തന്റെ വീടിന്റെ ചുറ്റുവട്ടത്തുള്ള പാമ്പുകളിൽ നിന്നു രക്ഷിക്കണമെന്ന പ്രാർത്ഥന മാത്രമല്ല അത്. പൈശാചികമായ തിന്മകളിൽ നിന്നും അകറ്റണമേ എന്നു കൂടി അർത്ഥമുണ്ട്. അതിനെല്ലാം ഉപരിയായി സാത്താന്റെ ഉപദ്രവത്തിനു പകരമായി ആദ്യജാതനെ നല്കിയ ദൈവത്തിന്റെ കൃപാവരവും അനുസ്മരിക്കപ്പെടുന്നു.

## ബലിമൃഗവും വിറകും

**നൂറ്റാണ്ടുകൾക്ക് മുൻപ് മോറിയാ മലയിലേയ്ക്ക് ബലിമൃഗവും വിറകുമായി പോയ അബ്രഹാമിന്റെ യാത്രയെ അനുസ്മരിക്കുന്ന അപൂർവ്വ കാഴ്ചയാണ് പുതുപ്പള്ളി പെരുന്നാൾ തലേന്നാൾ ഒരു കൈയിൽ കോഴിയും തലയിൽ വിറകുമായുള്ള വിശ്വാസിപ്രവാഹം. ഇത് നൂറ്റാണ്ടുകളായുള്ള പാരമ്പര്യമാണ്.**

# പുതുപ്പള്ളി പെരുന്നാൾ തടയാനും നിർത്തലാക്കുവാനും ശ്രമിച്ച സഭാ സ്ഥാനികൾ

പുതുപ്പള്ളി പള്ളിയിൽ പണ്ടു മുതലേ ഭാരതസംസ്കാര പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളും, നസ്രാണി പൈതൃകവും, മാർത്തോമ്മാ പാരമ്പര്യവും നിലനിന്നു വന്നതിൽ കുണ്ഠിതനായ പത്രോസ് പാത്രിയർക്കീസ് 1052-ൽ പെരുന്നാളും, പെരുന്നാൾ ചടങ്ങുകളും നിരോധിച്ചു എന്ന് ചരിത്രരേഖകൾ സമർത്ഥിക്കുന്നു. നവീകരണ ഉപജ്ഞാതാക്കളായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസും, പാലക്കുന്നത്ത് ഏബ്രഹാം കത്തനാരും പെരുന്നാൾ ചടങ്ങുകളെ തടയാൻ ശ്രമിച്ചിരുന്നു. അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസും ദേശീയ ആചാരാനുഷ്ഠാനങ്ങളെ എതിർത്തിരുന്നു. ഈ എതിർപ്പുകളും, നിരോധനവും പെരുന്നാളിന്റെ പ്രസക്തി വർദ്ധിപ്പിച്ചതേയുള്ളു.

കഴിഞ്ഞ വർഷത്തെ പെരുന്നാൾ ചടങ്ങുകളുടെ പത്രപരസ്യം കണ്ട ഇടവക മെത്രാപ്പോലീത്താ പള്ളി തീരുമാനത്തിനെതിരെ പ്രതികരിക്കുകയും അദ്ദേഹത്തിന്റെ ഉപദേശ്ടാക്കളായ പ്രഗത്ഭർ എന്ന് അറിയപ്പെടുന്ന പല വൈദീകരും പുതുപ്പള്ളി പള്ളി പെരുന്നാൾ ബഹിഷ്ക്കരിക്കുകയും ചെയ്തു.

വർഷങ്ങളായി പിതാക്കന്മാരും പൂർവ്വികരും ആചരിച്ചുവരുന്ന സഭാപാരമ്പര്യങ്ങളെയും, പെരുന്നാൾ ചടങ്ങുകളെയും നിരുത്സാഹപ്പെടുത്തുന്നവർ, വൈദേശിക ആധിപത്യം ഉറപ്പിക്കാനും, നവീകരണ സിദ്ധാന്തം പ്രചരിപ്പിക്കാനും അതിലുപരി പള്ളിയും സമ്പത്തും തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കാനും ആഗ്രഹിക്കുന്നവരാണ്.

# അൽമായവേദി കാനായിക്കോട് യൂണിറ്റ്

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ കാനായിക്കോട് യൂണിറ്റ് (എറണാകുളം ജില്ല) ഉൽഘാടനം ശ്രീ. ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ (ഓർഗനൈസിംഗ് സെക്രട്ടറി) നിർവ്വഹിച്ചു. സമ്മേളനത്തിൽ പ്രസിഡണ്ട് ശ്രീ. പി. കെ. ഏലിയാസ് പാടത്തുമാലിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. ജോസഫ് കുര്യൻ വെട്ടിമൂട്ടിൽ സ്വാഗതം ആശംസിച്ചു. അൽമായവേദി സെക്രട്ടറി തോമസ് ചാണ്ടി, ശ്രീ. എം. കുര്യൻ തോമസ് എന്നിവർ പ്രസംഗിച്ചു. സമീപപ്രദേശങ്ങളിൽ കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുവാനും വടക്കൻ ഭദ്രാസനങ്ങളിലെ സാന്നിദ്ധ്യം ശക്തിപ്പെടുത്തുവാനും തീരുമാനിച്ചു.

# അവിസ്മരണീയമായ ഒരു തീർത്ഥയാത്ര

*(അഞ്ചാം പേജിൽ നിന്നും)*

ദിനമായും കണക്കാക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ജനുവരി 2-3 തീയതികളിൽ ദേവലോകത്തെ പെരുനാൾ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലെ ബസ്സേലിയോസ് കാതോലിക്കാമാരുടെയും കൂനൻകുരിശു സത്യം ചെയ്ത നമ്മുടെ പിതാക്കന്മാരുടെയും പെരുനാളായി ആഘോഷിക്കണമെന്നും കൂനൻകുരിശു സ്മാരകം സഭയുടെ ഒരു തീർത്ഥാടനകേന്ദ്രമായി വളർത്തിയെടുക്കണമെന്നും അദ്ദേഹം പ്രസ്താവിച്ചു. മട്ടാഞ്ചേരി പള്ളിയിൽ ഒന്നാം മാർത്തോമ്മായുടെ ചിത്രം സ്ഥാപിച്ച് ചരിത്രപരമായ കടമ നിറവേറ്റണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

തുടർന്ന് പ്രബന്ധമവതരിപ്പിച്ച തോമസ് ചാണ്ടി, കൂനൻകുരിശിനും കാതോലിക്കേറ്റ് സ്ഥാപനത്തിനുമിടയിലുണ്ടായ രണ്ടര നൂറ്റാണ്ടുകളിൽ സഭയ്ക്ക് സംഭവിച്ച ചരിത്രപരമായ അബദ്ധങ്ങളെ അപഗ്രഥിച്ചു. കൂനൻകുരിശു സത്യത്തിലൂടെ തള്ളിപ്പറഞ്ഞ സഭയുടെ ദേശീയതയും തനിമയും വീണ്ടും വൈദേശിക ശക്തികൾക്ക് അടിയറവച്ച ചരിത്രം വിശദമായി പരാമർശിച്ചു. കാതോലിക്കേറ്റ് സ്ഥാപനം കൂനൻകുരിശു സത്യത്തിന്റെ യുക്തിഭദ്രമായ അടുത്ത ചുവടുവയ്പ്പായി അദ്ദേഹം ചിത്രീകരിച്ചു.

പിന്നീട് തീർത്ഥയാത്രാസംഘം തൃക്കുന്നത്തു സെമിനാരി സന്ദർശിച്ചു. പെരുമ്പാവൂരിൽ നടക്കുന്ന കാതോലിക്കാദിനാഘോഷങ്ങളിൽ സംബന്ധിക്കുവാൻ തീർത്ഥാടകരെ സെമിനാരി മാനേജർ ഫാ. ബോബി വർഗീസ്, സഭാ വർക്കിംഗ് കമ്മറ്റി മെമ്പർ ജോൺ സഖറിയാ എന്നിവർ ക്ഷണിച്ചു. പെരുമ്പാവൂരിലെത്തി യാതനയനുഭവിക്കുന്ന വടക്കൻ ഭദ്രാസനങ്ങളിലെ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച സംഘം മലങ്കര വർഗീസിന്റെ കബറിങ്കൽ പ്രാർത്ഥനയും നടത്തി.

വേറിട്ട ആത്മീയാനുഭവമായി ഈ തീർത്ഥയാത്ര ദീർഘകാലം മനസ്സിൽ തങ്ങി നിൽക്കുമെന്നതിന് സംശയമില്ല. ❑

# വട്ടശ്ശേരിയിൽ തിരുമേനിയുടെ പിടിത്തവും ചെറിയാന്റെ സിംഹാസന ഭക്തിയും

"ശ്രീരാമന് ഒന്നു പറ്റി - സഖിത്വം - അതുതന്നെ തിരുമേനിയ്ക്കും; ബാക്കിയുള്ളവന് രണ്ടും. പക്ഷെ തിരുമേനിയുടെ (പുലിക്കോട്ടിൽ രണ്ടാമൻ) ഒരു പറ്റ് പറ്റുതന്നെയായിരുന്നു. ഇന്നും സുറിയാനി സമുദായം അതിൽനിന്നും വിമുക്തയല്ല. ഉഭയസമുദായത്തിന്റെ ഏകീകരണമായിരുന്നു തിരുമേനിയുടെ ആദർശം. പക്ഷെ ആ ആദർശത്തിൽ നിന്നും സ്ഥലം വ്യതിചലിച്ചു. അതിനോടെ ശുഭമുഹൂർത്തത്തിൽ ആയിരത്തറുപത്തഞ്ച് മീനപ്പത്തിൽ ജന്മമെടുത്ത വീരകന്യക മനോരമ - ഉഭയസമുദായത്തിന്റേയും കണ്ണിലുണ്ണിയാകേണ്ട ആ കോമളാംഗി, ഒരു സമുദായത്തിന്റേയും പ്രത്യേകം അല്ലാത്തവളായി. എങ്ങുന്നോ നിന്നുവന്ന ഒരു ശ്യാമളവന്റെ കളിപ്പാട്ടമായി രൂപാന്തരപ്പെട്ടു. ഹാ! കഷ്ടം.

......... ഈദൃശസംരംഭങ്ങൾ ധീരനെങ്കിലും നയചതുരനായ പുലിക്കോട്ടു തിരുമേനി കാണാത്ത ഭാവം നടിച്ചു കളഞ്ഞു. പിന്നീടുവന്ന വട്ടശ്ശേരിയോ? അദ്ദേഹം ഒന്നു പിടിച്ചു; മനോരമ ഒന്നു വഴങ്ങിക്കൊടുത്തു - ആ മൽപ്പിടുത്തക്കാരന്റെ പിടിക്ക്. അങ്ങിനെ ആ രംഗം വലിയ കശപിശ കൂടാതെ കഴിഞ്ഞുപോയി."

**(പുലിക്കോട്ടിൽ ഉട്ടൂപ്പ് ഉട്ടൂപ്പ് രചിച്ച 'മലയാള മനോരമ എന്റെ ചില സ്മരണകൾ' എന്ന ഗ്രന്ഥത്തിൽ നിന്നും (പേജ് 2,3) മനോരമ അടച്ചു പൂട്ടിയപ്പോൾ കുന്നങ്കുളത്തുനിന്നും മനോരമ പ്രസിദ്ധീകരിച്ച ഇദ്ദേഹം മനോരമ വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ 'കുന്നങ്കുളം മനോരമ' യെ പത്രാധിപർ മറന്നതിൽ ദുഃഖിച്ച് പ്രസിദ്ധീകരിച്ചതാണ് ഗ്രന്ഥം. ജയിലിൽ കിടന്നതിനാൽ താൻ അന്നു നടന്ന കാര്യങ്ങൾ അറിഞ്ഞിരുന്നില്ല എന്നു പറഞ്ഞ് മാമ്മൻ മാപ്പിള ഉടനെ തന്നെ ഈ ഗ്രന്ഥത്തിന് മനോരമയിലൂടെ മറുപടി എഴുതിയിരുന്നു)**

"യാക്കോബിന്റെ വിശ്വാമിത്രസൃഷ്ടി (26-7-70-ൽ 203) യെ തുടർന്നുണ്ടായ ആബൂദിവിപ്ലവകാലത്ത് മലങ്കരയിൽ അനുചരന്മാരെ ഉണ്ടാക്കുന്നതിനായി യാക്കോബ് ഏതാനും 'ഷെവലിയർ' സ്ഥാനം വിതരണം ചെയ്തു. കെ. എം. ചെറിയാന്റെ അടുത്തെങ്ങും - ഒരു തരത്തിലും - എത്താൻ നിലയില്ലാത്ത ചിലർക്കും ചെറിയാനും 'സ്ഥാനം' കിട്ടി.

യാക്കോബിനെ പ്രീണിപ്പിക്കാൻ 1968 ഒക്ടോബറിൽ ഒരു 'പാത്രിയർക്കാദിനം' കൊണ്ടാടി. ദമസ്ക്കോസ് പാത്രിക്കീസിന്റെ അരമനയിലെ 'നിത്യക്കാരെന്നു' പറയേണ്ട ഒരു മെത്രാൻ, വൈദീകകോളജ് അദ്ധ്യക്ഷൻ തുടങ്ങിയ രണ്ടു നാലുപേർ പാവകളുമായി അത് ആഘോഷിക്കുന്നതിന് വൈദിക സെമിനാരിയിൽ ഒരു യോഗം സംഘടിപ്പിച്ചു. പാ. ദിനം പണ്ടുമുതൽക്കെ ആചരിക്ക പതിവായിരുന്നു എന്ന് സത്യത്തിനു നിരക്കാത്ത പ്രസംഗങ്ങളെ, പ്രസ്താവനകളെ ഒക്കെ നടന്നു. യോഗത്തിന് 'മലയാള മനോരമ'യുടെ അനുഗ്രഹാശിസ്സുകൾ ഉണ്ടായിരുന്നു എന്നതിന് കെ. എം. ചെറിയാന്റെ സാന്നിദ്ധ്യം, പ്രസംഗം, യോഗത്തിനു നല്കിയ പ്രസിദ്ധീകരണം ഇവ തെളിവാണ്. മലങ്കരയിൽ സമാധാനത്തിന് എതിരായി പ്രവർത്തിക്കുന്നവർ ഉപ്പു തൂണായിപ്പോകുമെന്ന് ഒരു സൂചനയും കെ. എം. ചെറിയാന്റെ പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്നു.

സാധാരണയിൽ കവിഞ്ഞ് സൗമ്യനും ദീനദയാലുവുമായിരുന്ന ആ ഉത്തമസ്നേഹിതൻ, കെ. എം. ചെറിയാൻ, മലങ്കരയും നമ്മുടെ അറബികളുമായുള്ള, ബന്ധം - സ്ഥിരം മുപ്പിരിക്കൊണ്ടു കിടക്കുന്ന ബന്ധം - ഏതുവിധത്തിലും പുലർത്തിക്കൊണ്ടു പോകണമെന്ന് ആഗ്രഹിച്ചു. അതിലേക്ക് തന്റെയും തന്റെ വർത്തമാനപത്രത്തിന്റെയും സ്വാധീനം ഉപയോഗപ്പെടുത്തുകയും ചെയ്തു.

ആ വക കൂട്ടുകെട്ടുകളോ പുനരൈക്യശ്രമങ്ങളോ മലങ്കരയെ കാത്തുരക്ഷിക്കുന്ന ദിവ്യശക്തിക്ക് - ഈ പരമ്പരകളിൽ 'പ്രതികാരപ്രേമി' എന്നു പറയാറുള്ള ശക്തിക്ക് - സ്വീകാര്യമായി തോന്നിയില്ല. അതുകൊണ്ട് ശ്രമങ്ങൾ പൂർത്തിയാക്കുന്നതിനു കെ. എം. ചെറിയാനു സാധിച്ചില്ല. മലങ്കരയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആദിമുതൽ പോരാടുകയും പോരാടിയവർക്ക് ആവശ്യമായ ഉത്തേജനം നൽകുകയും ചെയ്തുകൊണ്ടിരുന്ന 'മലയാള മനോരമ' യ്ക്കുണ്ടായ മാറ്റം ജനതയെ പൊതുവെ അൽഭുതപ്പെടുത്തി."

**(ഇസ്സഡ് എം. പാറേട്ട്, മലങ്കര നസ്രാണികൾ, വാല്യം 6, പേജ് 334 - 337)**

# സഭയിൽ സാമ്പത്തിക അച്ചടക്കം ഉണ്ടാവണം

*(നാലാം പേജിൽ നിന്നും)*

ഇന്ന് ജീവിച്ചിരിക്കുന്ന ഒരു മെത്രാപ്പോലീത്താ ഒരിക്കൽ പറഞ്ഞു, "എനിക്ക് ആരെങ്കിലും കൈമുത്തായി ഒരു തുക തരുന്നെങ്കിൽ അത് ഞാൻ ഇന്ന വീട്ടിൽ ഇന്നാരുടെ മകനായതു കൊണ്ടല്ല. മലങ്കരസഭയിലെ ഒരു എപ്പിസ്കോപ്പാ ആയതുകൊണ്ടാണ്. ആ നിലയിൽ ആ പണത്തിന്റെ അവകാശി ഞാനല്ല, സഭയാണ്." അദ്ദേഹം തന്നെ ഈ തത്വം പാലിക്കുന്നില്ല എന്നത് മറ്റൊരു സത്യമാണെങ്കിൽ കൂടി ആ പ്രസ്താവന ഏറ്റവും അനുയോജ്യമാണ്. വിശ്വാസികളായാലും ഇടവകകളായാലും കൊടുക്കുന്ന കൈമുത്തിന് രസീതു നൽകുകയും ആ പണം ഭദ്രാസനത്തിന്റെ അക്കൗണ്ടിൽ കൊണ്ടുവരികയും ഭദ്രാസനങ്ങളുടെയും സഭയുടെയും നന്മയ്ക്കായി ആ പണം ബുദ്ധിപൂർവ്വം വിനിയോഗിക്കുയുമാണ് വേണ്ടത്. ഭദ്രാസന കണക്കിൽ മെത്രാപ്പോലീത്തായുടെ യുക്തം പോലെ ചിലവാക്കുവാൻ ന്യായമായ ഒരു തുക വകക്കൊള്ളിക്കയും വേണം. ബ്ലേഡ് കമ്പനി ഉടമകൾക്കും, ചുറ്റും വന്നുകൂടുന്ന കുറുക്കന്മാർക്കും എളുപ്പത്തിൽ അടിച്ചു മാറ്റാവുന്ന പണമായി സഭയുടെ സമ്പത്ത് തീരുവാൻ പാടില്ല.

സഭയുടെ പൂർണ്ണ അധീനതയിലുള്ള പല വിലപ്പെട്ട സമ്പത്തുകളും ഇന്ന് ട്രസ്റ്റുകളുടേതായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. ട്രസ്റ്റ് ഡീഡ് തയ്യാറാക്കുമ്പോൾ മനപൂർവ്വമായോ അല്ലാതെയോ ട്രസ്റ്റിന്റെ നിയന്ത്രണം ഒരു ചെറിയ വിഭാഗം ആളുകളുടെ കയ്യിലായിത്തീരുന്നു. ഇത് വളരെ അപകടകരമായ ഒരു പ്രവണതയാണ്. ഇപ്പോൾ നിലവിലുള്ള ട്രസ്റ്റുകളുടെയെല്ലാം ഡീഡുകൾ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. കാലാകാലങ്ങളിൽ സഭയുടെ മാനേജിംഗ് കമ്മറ്റിയും എപ്പിസ്കോപ്പൽ സിനഡും നിശ്ചിത കാലയളവിലേക്ക് നിയോഗിക്കുന്നവർ മാത്രമായിരിക്കണം ട്രസ്റ്റികൾ. ട്രസ്റ്റുകളുടെ നയപരമായ നിയന്ത്രണം മാനേജിംഗ് കമ്മറ്റിക്കും പ. എപ്പിസ്കോപ്പൽ സിനഡിനുമായിരിക്കണം. അവയുടെ കണക്കുകളും മറ്റും ഈ സമിതികൾക്ക് സമർപ്പിക്കപ്പെടണം. അത്യാവശ്യ ഘട്ടങ്ങളിൽ ഇടപെടുവാനുള്ള വ്യവസ്ഥകൾ ഈ ഡീഡുകളിൽ എഴുതി ചേർക്കണം.

സത്യധർമ്മാദികൾ ലോകത്തു പുലരുവാൻ പ്രയത്നിക്കേണ്ട ഭൂമിയുടെ ഉപ്പായ സഭ, കാരം നഷ്ടപ്പെട്ട്, ലോകർ നിലത്തിട്ടു ചവിട്ടുവാൻ ഇടയാകാതിരിക്കണമെങ്കിൽ ഇപ്രകാരമുള്ള അനേകം നടപടികൾ അടിയന്തിരമായി എടുക്കേണ്ടതുണ്ട്. ❑

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്‌കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി



വി: ഗീവർഗീസ് സഹദായുടെ
വിശ്വസ്ത അനുയായിയും
കാതോലിക്കേറ്റിന്റെ
ശക്തിദുർഗ്ഗവും ഭടനുമായ
പാറേട്ട് മാർ ഈവാനിയോസ്
by
ഷെറി & ഫാമിലി
കൊച്ചുപാറേട്ട്, പുതുപ്പള്ളി

മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ഒരു വിശ്വാസി

വി. ഗീവർഗീസ് സഹദാ
ഞങ്ങൾക്കു വേണ്ടി
അപേക്ഷിക്കണമേ



പി. സി. ഏബ്രഹാം
പുത്തൻപുരയ്ക്കൽ
തൃക്കോതമംഗലം,
പുതുപ്പള്ളി

മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ജോർജ്ജ്കുട്ടി & ഫാമിലി, പറപ്പള്ളിൽ, പുതുപ്പള്ളി

മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊണ്ട്



തോമസ്സുകുട്ടി കണക്കാലി
& ഫാമിലി
മണർകാട്

മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊണ്ട്



എൻ. പി. ഏബ്രഹാം
നടുവത്ത്, പുതുപ്പള്ളി

മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊണ്ട്



ബാബു & ഫാമിലി
പെരുമ്പുഴ, പുതുപ്പള്ളി

മദ്ധ്യസ്ഥതയിൽ അഭയം
പ്രാപിച്ചുകൊണ്ട്



എം. മർക്കോസ് & ഫാമിലി
ഇല്ലിക്കൽ, പുതുപ്പള്ളി

ബി മാർട്ട്
കഞ്ഞിക്കുഴി, കോട്ടയം
ഫോൺ: 2571594
Duroflex Matress Stockist
Cupboards, Plastic Chairs etc.

സെന്റ് ജയിംസ് ഏജൻസീസ്
തൃക്കോതമംഗലം, പുതുപ്പള്ളി
ഫോൺ: 0481 2464789
കമ്പി, സിമന്റ്, ഇഷ്ടിക തുടങ്ങിയവയ്ക്ക്



SOUTHERN
BOOK STALL
NEAR K. S. R. T. C
BUS STAND
THIRUVALLA

കളപ്പുരയ്ക്കൽ
(കാരുണ്യ മൊബൈൽ മോർച്ചറി)
പുതുപ്പള്ളി - വാകത്താനം
Mob: 9447567434


സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam
DTP & Printing: Joice Thottackad, Sophia Print House, Surya Guest Line, Thekkenada, Kottayam, Ph: 0481 - 3255054, 99471 20697